2023
APRIL
27
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## വിപണിയിൽ നേരിയ നേട്ടം: നിഫ്റ്റി 17,750 പിന്നിട്ടു



**മുംബൈ:** ഓഹരി വിപണിയിൽ നേരിയ നേട്ടത്തോടെ തുടക്കം. സെൻസെക്സ് 20 പോയന്റ് ഉയർന്ന് 60,150ലും നിഫ്റ്റി ഏഴ് പോയന്റ് നേട്ടത്തിൽ 17,762ലുമാണ് വ്യാപാരം ആരംഭിച്ചത്.

ആഗോള വിപണികളിലെ സമ്മിശ്ര പ്രതികരണമാണ് രാജ്യത്തെ സൂചികകളെയും ബാധിച്ചത്. ഏഷ്യൻ സൂചികകളിലാകട്ടെ നഷ്ടത്തിലാണ് വ്യാപാരം നടക്കുന്നത്. ജപ്പാന്റെ നിക്കി 225 പോയന്റ് നഷ്ടത്തിലാണ്. ദക്ഷിണ കൊറിയയുടെ കോസ്പിയാകട്ടെ നേട്ടത്തിലുമാണ്. ഹോങ്കോങിന്റെ ഹാങ്സെങ്, ചൈനയുടെ ഷാങ്ഹായ് കോംപോസിറ്റ് എന്നിവ നഷ്ടത്തോടെയാണ് വ്യാപാരം ആരംഭിച്ചത്.

ടിസിഎസ്, ഐഷർ മോട്ടോഴ്സ്, ഭാരതി എയർടെൽ, എൽ ആൻഡ്ടി, ഹീറോ മോട്ടോർ കോർപ് തുടങ്ങിയ ഓഹരികളാണ് പ്രധാനമായും നേട്ടത്തിൽ. ഹിൻഡാൽകോ, ബജാജ് ഓട്ടോ, ഡിവീസ് ലാബ് തുടങ്ങിയ ഓഹരികൾ നഷ്ടത്തിലുമാണ്.

എസ്ബിഐ ലൈഫ്, എച്ച്ഡിഎഫ്സി ലൈഫ്, മാരുതി സുസുകി, ബജാജ് ഫിനാൻസ്, വോൾട്ടാസ് തുടങ്ങിയ കമ്പനികളാണ് മാർച്ച് പാദത്തിലെ പ്രവർത്തന ഫലം ബുധനാഴ്ച പുറത്തുവിടുന്നത്.

## മാമുക്കോയ അന്തരിച്ചു



**കോഴിക്കോട്:** ഹാസ്യനടനായും സ്വഭാവനടനായും മലയാളത്തിന്റെ വെള്ളിത്തിരയേയും നിലപാടുകളിലെ കൃത്യതയിലൂടെ കോഴിക്കോട്ടെ സാംസ്കാരിക കൂട്ടായ്മകളെയും ഒരേപോലെ വിസ്മയിപ്പിച്ച മാമുക്കോയ (76) വിടവാങ്ങി. കബറടക്കം നാളെ 10 ന് കണ്ണമ്പറമ്പ് ശ്മശാനത്തിൽ. വൈകിട്ട് 3 മുതൽ രാത്രി 10 വരെ കോഴിക്കോട് ടൗൺഹാളിൽ പൊതുദർശനം. സുഹ്റയാണ് ഭാര്യ. മക്കൾ: മുഹമ്മദ് നിസാർ, ഷാഹിദ, നാദിയ, അബ്ദുൽ റഷീദ്.

മലപ്പുറം പൂങ്ങോട് സെവൻസ് ഫുട്ബോൾ ടൂർണമെന്റ് ഉദ്ഘാടനം ചെയ്യുന്നതിനിടെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട അദ്ദേഹത്തെ, ഹൃദയാഘാതത്തെ തുടർന്ന് തിങ്കളാഴ്ച മലപ്പുറത്തെ വണ്ടൂരിലുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. തുടർന്ന് കോഴിക്കോട്ടെ ആശുപത്രിയിലേക്ക് മാറ്റി. അവിടെ ചികിൽസയിലിരിക്കെ ഇന്ന് ഉച്ചയ്ക്ക് 1.05നായിരുന്നു അന്ത്യം. ഹൃദയാഘാതത്തിന് പുറമേ തലച്ചോറിൽ രക്തസ്രാവവും ഉണ്ടായതോടെയാണ് ആരോഗ്യനില വഷളായത്.

## ദേശീയപാതയോട് ചേർന്ന് 10,000 കി.മീ ഇന്റർനെറ്റ് കേബിൾ



**ആലപ്പുഴ:** രാജ്യത്തെ ഇന്റർനെറ്റ് വേഗത്തിനു കുതിപ്പേകാൻ ദേശീയപാത അതോറിറ്റിയും. 2024,25 സാമ്പത്തിക വർഷത്തിനുള്ളിൽ ദേശീയപാത അതോറിറ്റി രാജ്യത്തെ ദേശീയപാതകളുടെ യൂട്ടിലിറ്റി ഏരിയയിൽ കൂടി 10,000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖല വികസിപ്പിക്കും. ഗ്രാമീണ മേഖലകളിലുൾപ്പെടെ ഇന്റർനെറ്റ് സൗകര്യം വിപുലപ്പെടുത്താൻ കഴിയുന്നതാണ് പുതിയ പദ്ധതി.

ദേശീയപാത അതോറിറ്റിക്കു കീഴിലുള്ള നാഷനൽ ഹൈവേ ലോജിസ്റ്റിക്സ് മാനേജ്മെന്റ് ലിമിറ്റഡാണു പദ്ധതി നടപ്പാക്കുന്നത്. ഫീസ് വാങ്ങിയാകും ഒഎഫ്സി അനുവദിക്കുക. നിലവിൽ ഡൽഹി മുംബൈ എക്സ്പ്രസ്‌വേയിൽ ഒഎഫ്സി സ്ഥാപിക്കാനായി മൂന്നു മീറ്റർ വീതിയിൽ സ്ഥലമുണ്ട്. ഇവിടത്തെ ഒഎഫ്സി വഴി പ്രദേശത്തെ ചെറു നഗരങ്ങളിലേക്ക് അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനായി.

അതേസമയം, കേരളത്തിൽ തിരുവനന്തപുരം മുതൽ കാസർകോട് വരെ വികസിപ്പിക്കുന്ന ദേശീയപാത 66ന് യൂട്ടിലിറ്റി ഏരിയ കുറവാണ്. മറ്റു സംസ്ഥാനങ്ങളിൽ ആറുവരിപ്പാതയ്ക്ക് 60 മീറ്റർ സ്ഥലമെടുക്കുമ്പോൾ കേരളത്തിൽ 45 മീറ്റർ വീതിയിൽ മാത്രമാണു സ്ഥലം ഏറ്റെടുത്തിട്ടുള്ളത്. അതിനാൽ ഒന്നര മീറ്ററിൽ താഴെയാകും ഇരുവശത്തെയും യൂട്ടിലിറ്റി ഏരിയ. സിറ്റി ഗ്യാസ് പൈപ്പ് ലൈൻ ഉൾപ്പെടെ യൂട്ടിലിറ്റി ഏരിയയിലൂടെ കടത്തിവിട്ടേക്കും. സംസ്ഥാനത്തു കൂടുതൽ ഒഎഫ്സി സ്ഥാപിക്കാനാകില്ല.

## ചെലവുചുരുക്കി ലോക്സഭ; ലാഭിച്ചത് 801.46 കോടി



**ന്യൂഡൽഹി:** പതിനേഴാം ലോക്സഭയുടെ പ്രവർത്തനച്ചെലവിൽ കഴിഞ്ഞ 4 വർഷത്തിനിടെ ലാഭിച്ചത് 801.46 കോടി രൂപ. ഇലക്ട്രിക് വാഹനങ്ങൾ, പേപ്പർരഹിത ഓഫിസ് എന്നിവയാണ് ലാഭത്തിനു വഴിയൊരുക്കിയത്. എംപിമാരുടെ യാത്രയ്ക്കായി ഇലക്ട്രിക് വാഹനങ്ങൾ രംഗത്തിറക്കിയതു വഴി വൻതോതിൽ ഇന്ധനം ലാഭിക്കാൻ സാധിച്ചു. മുൻ വർഷങ്ങളിൽ കോവിഡ് മൂലം ഏതാനും സഭാ സമ്മേളനങ്ങൾ നടത്താൻ കഴിയാത്തതും ലാഭത്തിനു കാരണമായി. 2014 19 കാലയളവിലെ പതിനാറാം ലോക്സഭയുടെ ലാഭം 461 കോടിയായിരുന്നു.

## ആനന്ദ് മഹേശ്വരി നാസ്കോം ചെയർപഴ്സൻ



**ന്യൂഡൽഹി:** ഐടി കമ്പനികളുടെ ദേശീയ കൂട്ടായ്മയായ നാസ്കോമിന്റെ 2023, 24 വർഷത്തെ ചെയർപഴ്സനായി മൈക്രോസോഫ്റ്റ് ഇന്ത്യ പ്രസിഡന്റ് ആനന്ദ് മഹേശ്വരിയെ തിരഞ്ഞെടുത്തു. ടിസിഎസ് പ്രസിഡന്റ് കൃഷ്ണൻ രാമാനുജം ആയിരുന്നു ഇതുവരെ അധ്യക്ഷൻ. കോഗ്നിസെന്റ് എംഡി രാജേഷ് നമ്പ്യാരാണ് വൈസ് ചെയർപഴ്സൻ. പുതിയ എക്സിക്യൂട്ടീവ് കൗൺസിലും പ്രഖ്യാപിച്ചു. മൂന്നിലൊന്ന് വനിതാ പ്രാതിനിധ്യമുണ്ട്.



# സംസ്ഥാനത്തെ ക്ഷേത്രങ്ങളെ സർക്കാരിന്റെ കൈയ്യിൽ നിന്നും മോചിപ്പിക്കണം: കുമ്മനം രാജശേഖരൻ

കൊച്ചി: സംസ്ഥാനത്തെ ക്ഷേത്രങ്ങൾ സർക്കാർ കൈയ്യടക്കി വെച്ചിരിക്കുകയാണെന്നും ഇവരിൽ നിന്നും ക്ഷേത്രങ്ങളെ മോചിപ്പിക്കേണ്ടത് അനിവാര്യമാണെന്നും മുൻ മിസോറാം ഗവർണ്ണർ കുമ്മനം രാജശേഖരൻ പറഞ്ഞു. പാവക്കുളം മഹാദേവക്ഷേത്രത്തിൽ നടക്കുന്ന നവചണ്ഡികായാഗത്തിനോടനുബന്ധിച്ച് നടന്ന സാംസ്കാരിക സമ്മേളനത്തിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ ക്ഷേത്രങ്ങളും സർക്കാർ കൈയ്യടക്കി വെച്ചിരിക്കുകയാണ്.ചങ്ങലക്കെട്ടിന്റെ ഉള്ളിലാണ് ഇന്ന് സംസ്ഥാനത്തെ ക്ഷേത്രങ്ങൾ. സർക്കാർ മതേതരം പ്രസംഗിക്കും പക്ഷേ ക്ഷേത്രങ്ങൾ മുഴുവൻ അവർ കൈയ്യടക്കിവെച്ചിരിക്കുകയാണ്. ക്രൈസ്തവരുടെയും മുസ്ളിംകളുടെയും ആരാധാനാ ആലയങ്ങൾ ഭരിക്കാൻ അവർക്ക് അവകാശമുണ്ട്. എന്തുകൊണ്ടാണ് ഇവിടെ ഹിന്ദുക്കൾക്ക് മാത്രം ആ അവകാശം നിഷേധിക്കുന്നതെന്നും കുമ്മനം രാജശേഖരൻ ചോദിച്ചു.ഭക്തർ എന്നാണോ ഒരുമിച്ച് കൈകോർത്ത് നിൽക്കുന്നത് അന്നു മാത്രമെ ഇവരുടെ പിടിയിൽ നിന്നും ക്ഷേത്രങ്ങളെ മോചിപ്പിക്കാൻ സാധിക്കുമെന്നും മാറ്റം അനിവാര്യമാണെന്നും കുമ്മനം രാജശേഖരൻ പറഞ്ഞു.മഹിഷാസുരന്മാരും ശുംഭനിശുംഭൻമാരും ചണ്ടമുണ്ടന്മാരും ഇന്ന് നമ്മുടെ നാട്ടിൽ ശക്തമാണെന്നും ആസുരശക്തികളെ ഇല്ലായ്മ ചെയ്യാൻ നമ്മൾ സ്വയം ശക്തി സമാഹരിക്കണമെന്നും സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രൻ പറഞ്ഞു.



കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ നടന്നുവരുന്ന നവ ചണ്ഡികാ യാത്തിന്റെ ഭാഗമായി നടത്തിയ സാംസ്കാരിക സമ്മേളനം ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ത്രിവിക്രമൻ അടികൾ, വിജി തമ്പി, ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, കുമ്മനം രാജശേഖരൻ, .ഉണ്ണികൃഷ്ണമേനോൻ, വത്സൻ തില്ലങ്കരി, ടി.പങ്കജാക്ഷൻ, പി.വി.അതികായൻ എന്നിവർ സമീപം.

സനാതന ധർമ്മം അപരിഷ്കൃതമല്ല.പരിഷ്കൃതം തന്നെയാണ്.പഴഞ്ചനുമല്ല. അത്യന്തം നൂതനവും ഏറ്റവും പുരോഗമനപരവും ശാസ്ത്രീയവുമാണ്. പൂർണ്ണ മനുഷ്യനെ എങ്ങനെയാണോ ദൈവം സൃഷ്ടിച്ചിരിക്കുന്നത്.അതേ മാതൃകയിലാണ് സനാതന ധർമ്മം പ്രപഞ്ചഘടനയെ സൃഷ്ടിച്ചിരിക്കുന്നത്.സനാതനം ധർമ്മം ഒരിക്കലും അന്ധവിശ്വാസമല്ല.ജീവിത രീതിയെക്കുറിച്ചുള്ള ഉദാത്തമായ കാഴ്ചപ്പാടാണ്.മനുഷ്യജന്മത്തിന്റെ പൊരുൾ എന്താണെന്ന് ശരിയ തരത്തിൽ മനസിലാക്കിക്കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ആചാര പദ്ധതികളാണ് സനതന ധർമ്മം ലോകത്തിന് മുമ്പിൽ വെയ്ക്കുന്നതെന്നും.കാലാതിവർത്തിയായ ധർമ്മമാണ് സനാതന ധർമ്മമെന്നും സുരേന്ദ്രൻ പറഞ്ഞു. അവിശ്വാസികളും യുക്തിതവാദികളും ചേർന്ന് നാടിന്റെ സനാതന സംസ്കൃതിയെയും വിശ്വാസ പ്രമാണങ്ങളെയും പാരമ്പര്യങ്ങളെയും അതിന്റെ മകുടമായ എല്ലാ അംശങ്ങളെയും ഇകഴ്ത്തിക്കാണിച്ചുകൊണ്ട് മനുഷ്യമനസിൽ അതിനോടുള്ള ആദരവ് ചോർത്തികളയാൻ വേണ്ടി നടത്തിയ നിരന്തരമായ പരിശ്രമം കേരളത്തെ വല്ലാത്ത ശൂന്യതയിലാണെത്തിച്ചിരിക്കുന്നതെന്ന് മുഖ്യപ്രഭാഷണം നടത്തിയ വൽസൻ തില്ലങ്കരി പറഞ്ഞു.

ശൂന്യത ഒരിക്കലും ശൂന്യതയായി നിലനിൽക്കില്ല. ആ ശൂന്യതയിലേയ്ക്ക് പലതും ഇരമ്പിക്കയറും. ആത്മിയതയെ ചോർത്തിക്കളഞ്ഞ ഭാർഗവ കേരളത്തിന്റെ ഹൃദയാന്തരങ്ങളിലേയ്ക്ക് പൈശാചികത കടന്നുകയറിയതിന്റെ പരിണിത ഫലമാണ് ഇന്ന് നാം കാണുന്ന വിപരീയങ്ങളെല്ലാമെന്ന് സൂഷ്മമായി നിരീക്ഷിച്ചാൽ കാണാമെന്നും അദ്ദേഹം പറഞ്ഞു.വി.എച്ച്.പി സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, കൊടുങ്ങല്ലൂർ മേൽശാന്തി അഡ്വ.ത്രിവിക്രമൻ അടികൾ,ധീവരസഭ ജില്ലാ പ്രസിഡന്റ് കെ.വി സാബു,ക്ഷേത്രം മേൽശാന്തി എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി,പാവക്കുളം ക്ഷേത്രസമിതി പ്രസിഡന്റ് ടി.പങ്കജാക്ഷൻ,സെക്രട്ടറി പി.വി അതികായൻ, ഉണ്ണികൃഷ്ണ മേനോൻ തുടങ്ങിയവർ സംസാരിച്ചു.

---

മീലിമൂട്ടയെ തുരത്താൻ ആഫ്രിക്കയിൽനിന്നു വണ്ട്

## ഇറക്കുമതി ചെയ്ത വണ്ടിനെ മാടക്കത്തറയിൽ തുറന്നുവിട്ടു

**തിരുവനന്തപുരം:** സംസ്ഥാനത്ത് മരച്ചീനി കൃഷിക്കു വൻ ഭീഷണിയായ മീലി മൂട്ടയെ നിയന്ത്രിക്കാൻ ആഫ്രിക്കയിൽ നിന്നു വണ്ട്. ബെംഗളൂരുവിലെ നാഷനൽ ബ്യൂറോ ഓഫ് അഗ്രികൾചറൽ ഇൻസെക്റ്റ് റിസോഴ്സസ് (എൻബിഎഐആർ) ഇറക്കുമതി ചെയ്ത വണ്ടിനെ, രോഗബാധ ആദ്യമായി കണ്ടെത്തിയ തൃശൂർ മാടക്കത്തറയിൽ തുറന്നുവിട്ടു. അടുത്ത മാസം വണ്ടിനെ തിരുവനന്തപുരത്ത് എത്തിക്കും.മരച്ചീനിയുടെ ഇലയുടെ അടിയിലാണു ഫെനാകോക്കസ് മാനിഹോട്ടി എന്ന മീലി മൂട്ട വസിക്കുന്നത്. ക്രമേണ ഇല ചുരുങ്ങി മരച്ചീനിയുടെ വളർച്ച മുരടിക്കും. രോഗബാധ തടയുന്നതിനു ഫലപ്രദമാണെന്നു കണ്ടെത്തിയതിനെ തുടർന്നാണ് അനാഗൈറസ് ലോപ്പസി എന്ന സൂക്ഷ്മ വണ്ടിനെ ആഫ്രിക്കയിൽ നിന്ന് ഇറക്കുമതി ചെയ്തത്.



മീലി മൂട്ടയുടെ മുട്ട വണ്ട് കുത്തിപ്പൊട്ടിക്കുന്ന ജൈവരീതിയാണിത്. രോഗബാധയുള്ള സ്ഥലത്തു വണ്ടിനെ തുറന്നുവിടുകയാണു ചെയ്യുക. 2020 ലാണ് കേരളത്തിൽ ആദ്യമായി രോഗബാധ കണ്ടെത്തിയത്. എൻബിഎഐആർ ഡയറക്ടർ ഡോ.എസ്.എൻ.സുശീൽ, തിരുവനന്തപുരം കിഴങ്ങു ഗവേഷണ കേന്ദ്രം (സിടിസിആർഐ) ഡയറക്ടർ ഡോ.ജി.ബൈജു, വെള്ളാനിക്കര കാർഷിക കോളജ് ഡീൻ ഡോ.മണി ചെല്ലപ്പൻ, കാർഷിക സർവകലാശാല ഗവേഷണ വിഭാഗം ഡയറക്ടർ ഡോ.മധു സുബ്രഹ്മണ്യൻ എന്നിവർ ചേർന്നാണു വണ്ടിനെ തുറന്നു വിട്ടത്. മാടക്കത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിര മോഹൻ അധ്യക്ഷത വഹിച്ചു.

---

## നവചണ്ഡികാ യാഗം: പുണ്യം തേടി പാവക്കുളത്ത് ഭക്തജനത്തിരക്കേറുന്നു



വിശ്വ രക്ഷാ യാഗസമിതിയുടെ നേതൃത്വത്തിൽ എറണാകുളം പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ പൊള്ളാച്ചി ശ്രീ ആദിശക്തി ഭുവനേശ്വരി പീഠത്തിലെ ശ്രീദത്താത്രേയ അവധൂത ഗുരുപരമ്പര ബ്രഹ്മശ്രീ ജിതേഷ് സുബ്രമഹ്ണ്യത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒന്നാം ദിവസം നടന്ന നവചണ്ഡികായാഗം

കൊച്ചി: ലോക ക്ഷേമത്തിനും മനുഷ്യ നന്മയ്ക്കുമായി വിശ്വ രക്ഷാ യാഗ സമിതിയുടെ നേതൃത്വത്തിൽ കേരളത്തിലെ 14 ജില്ലകളിലും ഭാരതത്തിലെ പ്രസിദ്ധങ്ങളായ ശക്തി പീഠങ്ങളിൽ നിന്നുള്ള മഹാ സാധകർ നേരിട്ട് നടത്തുന്ന നവചണ്ഡികാ യാഗത്തിൽ പങ്കെടുക്കാൻ പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ ഭക്തജനത്തിരക്കേറുന്നു.

പൊള്ളാച്ചി ശ്രീ ആദിശക്തി ഭുവനേശ്വരി പീഠത്തിലെ ശ്രീദത്താത്രേയ അവധൂത ഗുരുപരമ്പര ബ്രഹ്മശ്രീ ജിതേഷ് സുബ്രമഹ്ണ്യത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആരംഭിച്ചിരിക്കുന്ന യാഗത്തിൽ കൊടുങ്ങല്ലൂർ ക്ഷേത്രം മേൽശാന്തി ത്രിവിക്രമൻ അടികൾ, ശ്രീകാന്ത്, മധു മാധവ് തുടങ്ങിയ ആചാര്യൻമാരും പങ്കെടുക്കുന്നുണ്ട്. നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നും നൂറു കണക്കിന് ഭക്തരാണ് യാഗത്തിൽ പങ്കുകൊള്ളാൻ പാവക്കുളം ക്ഷേത്രാങ്കണത്തിലേക്ക് എത്തുന്നത്.

28 ന് സാമ്രാജ്യ ലക്ഷ്മി പൂജയോടെയാണ് യാഗം സമാപിക്കുന്നത്. യാഗത്തിന്റെ ഒന്നാം ദിവസമായ ഇന്നലെ സ്വാമി ആദ്ധ്യത്മാനന്ദ സരസ്വതിയുടെ സൽസംഗവും വൈകുന്നേരം പറശ്ശിനി മടപ്പുരയുടെ മുത്തപ്പൻ വെള്ളാട്ടവും തുടർന്ന് സാംസ്ക്കാരിക സമ്മേളനവും നടന്നു. രണ്ടാം ദിവസമായ ഇന്ന് (27.04.23) രാവിലെ 11.30 ന് സ്വാമിനി വിഷ്ണുപ്രിയാനന്ദപുരിയുടെ നേതൃത്വത്തിൽ സൽസംഗവും വൈകിട്ട് ആറിന് ഡോ.ശ്രീനാഥ് കാര്യാട്ടിന്റെ പ്രഭാഷണവും ഉണ്ടാകും.

## അസാപ് സ്കിൽ പാർക്ക് നാടിന് സമർപ്പിച്ചു

അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കും അസാപ് കേരളയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി ആർ.ബിന്ദു കഴക്കൂട്ടം കിൻഫ്രാ പാർക്കിൽ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിൽ അസാപിന് മുഖ്യപങ്കുണ്ടെന്നും ക്രിയാത്മകമായി പ്രവർത്തിക്കുന്ന നൈപുണ്യവികസ കേന്ദ്രങ്ങളാണ് അസാപ് സ്കിൽ പാർക്കുകളെന്നും മന്ത്രി പറഞ്ഞു. നൂതന നൈപുണ്യ വികസന കോഴ്സുകളിലൂടെ കേരള സമൂഹത്തെ നവവൈജ്ഞാനിക സമൂഹമാക്കി മാറ്റണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

അസാപ് സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന നൂതന തൊഴിൽ പരിശീലന കേന്ദ്രങ്ങളാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. ലോകോത്തരനിലവാരത്തിലുള്ള സൗകര്യങ്ങളോടെ മൂന്നു നിലകളിലായി 27,002.03 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് കഴക്കൂട്ടം കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമിച്ചിരിക്കുന്നത്. 17,720 ചതുരശ്ര അടി വിസ്തീർണത്തിൽ നാല് നിലകളിലായിട്ടാണ് അസാപ് കേരളയുടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പണിതത്. അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിനും അസാപ് കേരള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനുമായി ഇരുപത്തിയാറു കോടി രൂപയാണ് ചെലവായത്.

നൂതനമായ പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചാണ് സ്കിൽ പാർക്ക് നിർമിച്ചിരിക്കുന്നത്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസ് മുറികൾ, ലാബുകൾ, വിദ്യാർത്ഥികൾക്കായി പ്രാദേശിക സൗകര്യങ്ങളോടുകൂടിയ ചെയ്ഞ്ചിംഗ് മുറികൾ, മീറ്റിംഗ് റൂമുകൾ, പ്രത്യേക സെർവർ റൂമോട് കൂടിയ ഐടി ലാബ് സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. അതിനൂതന സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ അഞ്ച/ഢഞ ലാബുകളും കഴക്കൂട്ടം സ്കിൽ പാർക്കിൽ സജ്ജീകരിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദമാണ് സ്കിൽ പാർക്. ലിഫ്റ്റ്, ഭിന്നശേഷിക്കാർക്കായി പ്രത്യേക ടോയ്‌ലെറ്റ് സൗകര്യം, കാഴ്ച പരിമിതർക്കായുള്ള പ്രത്യേക ടൈലുകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. 50,000 ലിറ്ററിന് മുകളിൽ ശേഷിയുള്ള മഴവെള്ള സംഭരണിയും മഴവെള്ളം പുനരുപയോഗിക്കാൻ ഫിൽട്ടർ സംവിധാനവും സ്കിൽ പാർക്കിലെ പ്രത്യേകതകളാണ്.

### ഉദ്യോഗസ്ഥരെ ആദരിച്ചു

വ്യവസായ വാണിജ്യ വകുപ്പിന്റെ 'ഒരു വർഷം ഒരു ലക്ഷം സംരംഭം' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ജില്ലാ വ്യവസായ കേന്ദ്രം ഉദ്യോഗസ്ഥരെ ആദരിച്ചു.

നെടുമങ്ങാട് താലൂക്ക് ഓഫീസിലെ ഉപജില്ലാ വ്യവസായ ഓഫീസർ ജയകുമാർ.എസ്, വർക്കല ബ്ലോക്ക് ലെവൽ ഓഫീസർ സ്റ്റാൻലി ജി.എസ്, വർക്കല മുൻസിപ്പാലിറ്റിയിലെ ഇന്റേൺ അർഷാദ്.എ എന്നിവരെയാണ് ആദരിച്ചത്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അജിത്. എസ്, നോഡൽ ഓഫീസർ യമുന.എ.ആർ എന്നിവരും സന്നിഹിതരായിരുന്നു.

# ടൂറിസം വകുപ്പിന്റെ പാർക്ക് കാടുകയറി നശിക്കുന്നു

**പുനലൂർ :** അഞ്ചുവർഷം മുൻപ് പട്ടണ മധ്യത്തിൽ കല്ലടയാറിന്റെ തീരത്ത് കെഎസ്ആർടിസി ഡിപ്പോയ്ക്ക് പിൻഭാഗത്തായി നിർമാണം ആരംഭിച്ച ടൂറിസം വകുപ്പിന്റെ പാർക്ക് കാടുകയറി നശിക്കുന്നു. 2019 ലെ ഓണത്തിന് തുറന്നു നൽകുമെന്ന് പ്രഖ്യാപിച്ച പദ്ധതിയാണിത്. സ്നാനഘട്ടവും വള്ളക്കടവും മണ്ഡപവും നടപ്പാതയും സഞ്ചാരികൾക്ക് ഇരിക്കാൻ ബെഞ്ചുകളും നിർമിക്കുന്ന പദ്ധതിയാണിത്.



മേജർ ഇറിഗേഷൻ വകുപ്പിനായിരുന്നു പദ്ധതിയുടെ മേൽനോട്ടം. ഒടുവിൽ ഡിടിപിസിയാണ് നിർമാണം നിർവഹിച്ചത്. ഇടയ്ക്ക് ഡിടിപിസി സെക്രട്ടറിയും ഡപ്യൂട്ടി ഡയറക്ടറും മാറിയതോടെ നിർമാണ പ്രവർത്തനം സ്തംഭനാവസ്ഥയിലായി. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് നിർമാണം നിർത്തിവച്ചത്. 5 ലക്ഷം രൂപ കൂടി ലഭിച്ചാൽ മാത്രമേ ബാക്കി പണികൾ കൂടി പൂർത്തീകരിച്ചു തുറന്നു നൽകാനാകൂ.

വെളിച്ച സംവിധാനം, ബഞ്ചുകൾ, സുരക്ഷാവേലി എന്നിവ കൂടി യാഥാർഥ്യമാകണം. ഈ വേനലവധിക്കാലത്തും പുനലൂർ പാക്ക് സഞ്ചാരികൾക്ക് പ്രയോജനമില്ലാതായി.നേരത്തെ മുൻ മന്ത്രി കെ. രാജുവിന്റെ സാന്നിധ്യത്തിൽ പാർക്ക് പുനരുദ്ധാരണം സംബന്ധിച്ചു യോഗങ്ങൾ നടന്നതാണ്. പല കാരണങ്ങളാൽ ഒടുവിൽ നിർമാണം വൈകി.

തൂക്കുപാലത്തിൽ എത്തുന്ന സഞ്ചാരികൾക്ക് വിശ്രമത്തിനു സ്ഥലമില്ലെന്ന പരാതി വളരെ നാൾ മുൻപ് മുതൽ നിലനിൽക്കുന്നതാണ്.

ഈ പ്രശ്നം പരിഹരിക്കുന്നതിനാണ് കെഎസ്ആർടിസി ഡിപ്പോയ്ക്ക് സമീപത്ത് നിന്നു വെട്ടിപ്പുഴ തോടിനു സമാന്തരമായി പാർക്കിൽ എത്തുന്നതിന് റോഡ് നിർമിച്ചതും പാർക്ക് പുനർനിർമിച്ചതും.

അടിയന്തരമായി പാർക്ക് തുറക്കണമെന്നാവശ്യപ്പെട്ട് പി.എസ്.സുപാൽ എംഎൽഎ കലക്ടർക്ക് കത്തു നിൽകിയിട്ടുണ്ട്.

# തങ്കശ്ശേരി ബ്രേക്ക് വാട്ടർ ടൂറിസം പാർക്ക് ഉദ്ഘാടനം ഇന്ന്

**കൊല്ലം:** 5 കോടി രൂപ മുടക്കി തങ്കശ്ശേരി ലൈറ്റ് ഹൗസിനു സമീപം ഹാർബർ എൻജിനീയറിങ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള രണ്ടരയേക്കർ ഭൂമിയിൽ 5.5 കോടി രൂപ മുടക്കി ഒരുക്കിയ തങ്കശ്ശേരി ബ്രേക്ക് വാട്ടർ ടൂറിസം പാർക്കിന്റെ ഉദ്ഘാടനം ഇന്ന്. വൈകിട്ട് 4 നു മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം നിർവഹിക്കും. എം.മുകേഷ് എംഎൽഎ അധ്യക്ഷത വഹിക്കും.



തങ്കശ്ശേരി ബ്രേക്ക് വാട്ടർ സംവിധാനത്തിന്റെ കവാടത്തിലാണ് പാർക്ക് നിർമിച്ചിരിക്കുന്നത്. പുലിമുട്ട് വേർതിരിക്കുന്ന കടലിന്റെ ഭാഗത്തെ നോക്കിയാണ് പാർക്കിന്റെ രൂപകൽപന.ഒരു ഭാഗത്ത് ശാന്തമായ കടലും മറുഭാഗത്ത് തിരയടിക്കുന്ന കടലുമാണുള്ളത്.നാനൂറോളം പേർക്ക് ഇരിക്കാൻ കഴിയുന്ന ഓപ്പൺ എയർ ഓഡിറ്റോറിയം, കടൽ ഭംഗി ആസ്വദിക്കാനുള്ള വ്യൂ ടവർ, കടലിന് അഭിമുഖമായുള്ള ഇരിപ്പിടങ്ങൾ, സൈക്കിൾ ട്രാക്ക്, കിയോസ്കുകൾ, കുട്ടികൾക്കുള്ള കളിസ്ഥലം, ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവയെല്ലാം പാർക്കിനോട് അനുബന്ധിച്ചു തയാറാക്കിയിട്ടുണ്ട്. പാർക്കിനുള്ളിൽ വാട്ടർ സ്പോർട്സ് ക്രമീകരണങ്ങൾ ഒരുക്കാനും ടൂറിസം വകുപ്പിന് പദ്ധതിയുണ്ട്.

വർഷങ്ങൾ മുൻപ് ആരംഭിച്ചിരുന്ന പാർക്കിന്റെ നിർമാണം പൂർത്തിയായിട്ട് മാസങ്ങൾ പിന്നിട്ടിരുന്നു. 2021 ഫെബ്രുവരി 21ന് പ്രാരംഭ നിർമാണം നടത്തി പാർക്കിന്റെ ഉദ്ഘാടനവും നടത്തി. എന്നാൽ നടത്തിപ്പ് അവകാശത്തിന്റെ കാര്യത്തിൽ വകുപ്പുകൾ തമ്മിൽ ധാരണ രൂപപ്പെടാതിരുന്നതോടെ പാർക്ക് പൊതുജനങ്ങൾക്ക് തുറന്നു നൽകുന്നത് നീണ്ടു പോകുകയായിരുന്നു. പദ്ധതി യാഥാർഥ്യമാകുന്നതോടെ തീരദേശ ടൂറിസം മേഖലയിൽ വലിയ കുതിച്ചു ചാട്ടമാണ് പ്രതീക്ഷിക്കുന്നത്.

തങ്കശ്ശേരി ബ്രേക്ക് വാട്ടർ ടൂറിസം പാർക്കിൽ ഇനി പൂർത്തിയാവാനുള്ളത് കവാടത്തിലെ ഗേറ്റിന്റെ നിർമാണം കൂടിയാണ്. എംഎൽഎ ഫണ്ട് ഉപയോഗിച്ചു ഉടൻ പുതിയ ഗേറ്റ് ഒരുക്കാൻ ഒരുങ്ങുകയാണ് അധികൃതർ. പാർക്കിനുള്ളിൽ പ്രവർത്തിക്കുന്ന ഹോട്ടൽ, കിയോസ്ക്കുകൾ എന്നിവയുടെ ടെൻഡർ നടപടികളും ഉദ്ഘാടനത്തിന് ശേഷം ആരംഭിക്കും.

തങ്കശ്ശേരി ബ്രേക്ക് വാട്ടർ ടൂറിസം പാർക്കിലേക്കുള്ള പ്രവേശനം ഈ മാസം സൗജന്യമായിരിക്കും. അടുത്ത മാസം 10 രൂപയായിരിക്കും പാർക്കിലേക്കുള്ള പ്രവേശന ഫീ. പിന്നീട് നിരക്ക് ഉയർത്തിയേക്കും. ഉച്ചയ്ക്ക് 2 മുതൽ രാത്രി 8 വരെയാണ് പ്രവേശന സമയമായി നിശ്ചയിച്ചിരിക്കുന്നത്. വാട്ടർ സ്പോർട്സ് പോലെയുള്ള പാർക്കിനുള്ളിലെ മറ്റു പ്രത്യേക സംവിധാനങ്ങളുടെ നിരക്ക് പിന്നീട് നിശ്ചയിക്കും. മന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് ചേരുന്ന യോഗത്തിലാണ് ഫീ സംബന്ധിച്ചു അന്തിമ തീരുമാനമുണ്ടാകുക.

## കുട്ടികളിലെ പഠനവൈകല്യം: സൗജന്യ പഠന ശബിരം

**കൊച്ചി:** എറണാകുളം പനമ്പിള്ളി നഗറിൽ പ്രവർത്തിക്കുന്ന പഠന വൈകല്യ നിവാരണ കേന്ദ്രമായ ചൈൽഡ് കെയർ സെന്ററിന്റെ നേതൃത്വത്തിൽ പഠനവൈകല്യമുള്ള കുട്ടികൾക്കായി മെയ് രണ്ടു മുതൽ 19 വരെ സൗജന്യ പഠന ശിബിരം നടത്തും. പഠന വൈകല്യമുള്ള കുട്ടികളുടെ കഴിവുകൾ വികസിപ്പിച്ച് അവരുടെ പഠനമികവ് മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് പഠന ശിബിരം സംഘടിപ്പിക്കുന്നതെന്ന് ചൈൽഡ് കെയർ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.അബ്രാഹം കെ.പോൾ പറഞ്ഞു. വായന,എഴുത്ത്, ഭാഷമനസിലാക്കൽ, അപഗ്രഥിക്കൽ, കണക്ക് പഠനത്തിനായുള്ള ക്രിയകൾ മനസിലാക്കൽ എന്നിവയിലാണ് പഠന വൈകല്യമുള്ള കുട്ടികൾ സാധാരണ ബുദ്ധിമുട്ട് നേരിടുന്നത്. ശ്രദ്ധക്കുറവ്, ഓർമ്മക്കുറവ്, എന്നിവയും പഠന വൈകല്യത്തിന്റെ ഭാഗമാകാം. ഈ കുറവുകൾ പരിഹരിക്കുന്നതിനും പഠനഭാരം കുറയ്ക്കുന്നതിനും പഠന ശിബിരം വഴിതുറക്കുമെന്നും ഡോ.അബ്രാഹം കെ.പോൾ പറഞ്ഞു. മാതാപിതാക്കൾക്ക് ഇത്തരം കുറവുകളുള്ള അവരുടെ കുട്ടികളെ സഹായിക്കുന്നതിനും അവരുടെ പരിമിതികൾ മനസിലാക്കി കുട്ടികളെ പഠിപ്പിക്കുന്നതിനും കഴിവുകൾ തിരിച്ചറിഞ്ഞ് അനുയോജ്യമായി തൊഴിൽ,ഉന്നതവിദ്യാഭ്യാസം മേഖലകളിലേക്ക് തിരിച്ചു വിടാൻ സഹായിക്കുന്ന പേരന്റിംഗ് ക്ലാസും പഠന ശിബിരത്തിൽ ഉണ്ടാകും. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനുമായി മെയ് ഒന്നിന് മുമ്പായി ചൈൽഡ് കെയർ സെന്ററുമായി ബന്ധപ്പെടണം. ഫോൺ : 04847961167, 9895705080



# വേനൽമഴ കൊയ്ത്തിനെ ബാധിക്കുന്നു

**മാന്നാർ:** വേനൽ മഴ അപ്പർകുട്ടനാട്ടിലെ കൊയ്ത്തിനെ ബാധിച്ചു, നെല്ലുശേഖരണവും മുടങ്ങി. ചെന്നിത്തല, മാന്നാർ പഞ്ചായത്തുകളിൽ പെട്ട പാടശേഖരങ്ങളിലാണ് ഇപ്പോൾ കൊയ്ത്തു നടക്കുന്നത്. ചെന്നിത്തലയിലെ ചില പാടശേഖരങ്ങളിൽ നിന്നു നെല്ലു ശേഖരിച്ചു കൊണ്ടുപോയി.

ശേഷിക്കുന്ന പാടശേഖരങ്ങളിൽ കൊയ്ത്തു തുടങ്ങിയെങ്കിലും നെല്ലു പാടശേഖരത്തിലും റോഡുകളിലുമായി കിടക്കുകയാണ്. വേനൽ മഴ കാരണം നെല്ലുണക്കാൻ കർഷകർ പാടുപെടുകയാണ്. പാടശേഖരങ്ങളിൽ ഈർപ്പത്തിന്റെ സാന്നിധ്യമുള്ളത് നെല്ലുണങ്ങുന്നതിനു തടസ്സമാകുന്നു. ഉണങ്ങാതെ ചാക്കിലാക്കുന്നതിനു കഴിയില്ല.

നനവുള്ള നെല്ലാണെങ്കിൽ സിവിൽ സപ്ലൈസ് അധികൃതർ എടുക്കുകയുമില്ല. 15 ബ്ലോക്കുള്ള ചെന്നിത്തലയിലെ പകുതി പാടശേഖരത്തിലേ കൊയ്ത്തു തുടങ്ങിയിട്ടുള്ളൂ. മാന്നാറിൽ കാര്യമായ കൊയ്ത്തു നടന്നിട്ടില്ലെന്നും പാടശേഖര സമിതികൾ അറിയിച്ചു. ഉച്ചകഴിഞ്ഞു വേനൽ മഴയുണ്ടാകുമെന്ന കാലാവസ്ഥാ മുന്നറിയിപ്പുള്ളതിനാലാണ് മിക്ക പാടശേഖരങ്ങളിലും കൊയ്ത്തു തുടങ്ങുന്നതിനു കർഷകർ മുതിരാത്തത്.

പാടശേഖരത്തിൽ വെള്ളം കെട്ടിക്കിടന്നാൽ കൊയ്ത്ത് യന്ത്രം താഴുമെന്നു ഭയന്ന് ഇറക്കാൻ ഓപ്പറേറ്റർമാർ തയാറാകുന്നില്ലെന്നുള്ളതും കൊയ്തു കഴിഞ്ഞാൽ നെല്ലു സൂക്ഷിക്കാനിടമില്ലാത്തതുമാണ് ഇപ്പോൾ കർഷകർ നേരിടുന്ന ബുദ്ധിമുട്ട്. കർഷകർ കൊയ്ത്തിനുള്ള എല്ലാ തയാറെടുപ്പുകളും നടത്തിയെങ്കിലും വേനൽ മഴ കുറഞ്ഞാൽ മാത്രമേ ഇനി അപ്പർകുട്ടനാടൻ പാടശേഖരങ്ങളിൽ പൂർണമായി കൊയ്യാനാകുകയുള്ളൂ.

## മൈക്രോ സംരംഭ കൺസൾട്ടന്റുമാരെ നിയമിക്കുന്നു

കുടുംബശ്രീ മുഖാന്തിരം ജില്ലയിലെ വണ്ടൂർ ബ്ലോക്കിലെ ആറ് പഞ്ചായത്തിലായി നടപ്പാക്കുന്ന എം.ഇ.ആർ.സി പദ്ധതിയുടെ ഭാഗമായി മൈക്രോ സംരംഭ കൺസൾട്ടന്റുമാരെ (എം.ഇ.സി ) നിയമിക്കുന്നു. വണ്ടൂർ ബ്ലോക്കിലെ ആറ് പഞ്ചായത്തിലും സ്ഥിര താമസക്കാരായ കുടുംബശ്രീ അംഗമോ, കുടുംബാംഗമോ, ഓക്സിലറി ഗ്രൂപ്പ് അംഗമോ ആയ ബിരുദ വിദ്യാഭ്യാസ യോഗ്യതയും അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള 22നും 40നും മധ്യേപ്രായമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉദ്യോഗാർഥികൾ ബിയോഡേറ്റയും വയസും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷ വണ്ടൂർ ബ്ലോക്ക് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ കുടുംബശ്രീ സി.ഡി.എസ് ഓഫീസിൽ മെയ് അഞ്ചിന് വൈകിട്ട് അഞ്ചിനകം ലഭ്യമാക്കണമെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ അറിയിച്ചു.

## വാഹന ലേലം

റവന്യൂ റിക്കവറി മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിലെ കുടിശ്ശിക ഈടാക്കുന്നതിനായി പുതുക്കനാട്ടിൽ സുഹൈബ്, പുതുക്കനാട്ടിൽ അഷ്റഫ് എന്നിവരിൽ നിന്നും ജപ്തി ചെയ്ത കെ.എൽ 65 ഇ. 4602 രജിസ്റ്റർ നമ്പർ യമഹ എഫ്.സെഡ് 16 മോട്ടോർ ബൈക്ക് മെയ് 11ന് രാവിലെ 11 മണിക്ക് തിരൂരങ്ങാടി താലൂക്ക് ഓഫീസിൽ ലേലം ചെയ്യുമെന്ന് തിരൂരങ്ങാടി തഹസിൽദാർ അറിയിച്ചു.

# ബഫർ സോണിലെ സുപ്രീം കോടതി ഭേദഗതി: മലയോരത്ത് പ്രതീക്ഷ

**രാജകുമാരി** : സംരക്ഷിത വന മേഖലയ്ക്കു ചുറ്റും ഒരു കിലോമീറ്റർ ബഫർ സോൺ (പരിസ്ഥിതി ലോല മേഖല) നിർബന്ധമായും ഉണ്ടായിരിക്കണമെന്ന 2022 ജൂൺ 3 ലെ ഉത്തരവിൽ! സുപ്രീം കോടതി തന്നെ ഭേദഗതി നിർദേശം മുന്നോട്ടു വച്ചതു ഗുണകരമാകുമെന്ന പ്രതീക്ഷയിൽ മലയോരം. ബഫർ സോണിൽ! സ്ഥിരം കെട്ടിടങ്ങൾ, ഖനനം എന്നിവ പാടില്ലെന്നായിരുന്നു ജൂൺ 3 ലെ കോടതി വിധി. എന്നാൽ ബഫർ സോണിൽ സമ്പൂർണ നിരോധനമില്ലെന്ന കോടതിയുടെ ഭേദഗതി ഉത്തരവ് ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ കൂടുതൽ ഇളവുകൾക്ക് വഴിയൊരുക്കും.

എങ്കിലും ഭേദഗതി നടപ്പായാലും ഖനന പ്രവർത്തനങ്ങൾക്ക് അനുമതി നൽകില്ലെന്ന് ജസ്റ്റിസ് ആർ.എസ്.ഗവായ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. വലിയ നിർമാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണമുണ്ടാകും. ബഫർ സോണിൽ നിന്നു കുടിയൊഴിപ്പിക്കൽ ഉണ്ടാകില്ലെന്ന സുപ്രീംകോടതി തീരുമാനം വന മേഖലയിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് ആശ്വാസം പകരുന്നു.മലിനീകരണമുണ്ടാക്കുന്ന പുതിയ വ്യവസായങ്ങൾ, നിലവിലുള്ള വ്യവസായങ്ങളുടെ വിപുലീകരണം എന്നിവയ്ക്കുള്ള നിരോധനത്തിലും ഇളവുകളുണ്ടാകുമെന്നാണ് സൂചന.



വ്യാവസായിക അടിസ്ഥാനത്തിലുള്ള ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയ്ക്കുള്ള സമ്പൂർണ നിയന്ത്രണത്തിൽ ഇളവ് വരുത്തുന്നതും 8 വന്യ ജീവി സങ്കേതങ്ങളുള്ള ഇടുക്കിക്കു ഗുണമാണ്.

പരിസ്ഥിതി ലോല മേഖലകളിൽ നിന്നു പുനരധിവസിപ്പിക്കുന്നവർക്കു നഷ്ടപരിഹാരം നൽകുന്ന പദ്ധതി മഹാരാഷ്ട്ര ഉൾപ്പെടെ പല സംസ്ഥാനങ്ങളിലും ഉണ്ടെന്നു നേരത്തെ സുപ്രീംകോടതി വ്യക്തമാക്കിയിരുന്നു. നാഗ്പൂരിൽ 5 അംഗങ്ങളുള്ള കുടുംബങ്ങൾക്ക് ഒരു കോടി രൂപ വരെ നഷ്ടപരിഹാരം നൽകി പുനരധിവാസം ഉറപ്പാക്കിയത് കോടതി ചൂണ്ടി കാണിച്ചിരുന്നു.

സുപ്രീം കോടതിയുടെ ഭേദഗതി ഉത്തരവ് പ്രകാരം ബഫർ സോൺ അന്തിമ വിജ്ഞാനം ഇറങ്ങിയ മതികെട്ടാൻചോലയിൽ പുനർ വിജ്ഞാപനം ഇറങ്ങും. നിലവിൽ ജനവാസ മേഖലകൾ ഉൾപ്പെടുത്തി ഇറങ്ങിയ ബഫർ സോൺ അന്തിമ വിജ്ഞാപനത്തിലെ പോരായ്മകൾ പരിഹരിക്കാമെന്നാണു പ്രതീക്ഷ.

ബഫർ സോണിൽ ചട്ട പ്രകാരമുള്ള നിയന്ത്രണങ്ങൾ പോലും ജനജീവിതത്തെ ബാധിക്കുമെന്നു വിവിധ കർഷക സംഘടനകൾ പറയുന്നു. ഈ മേഖലയിൽ താമസിക്കുന്നവർക്കു ബാങ്ക് വായ്പ ലഭിക്കുന്നതിൽ ബുദ്ധിമുട്ട് സൃഷ്ടിക്കും. അതിനാൽ ബഫർ സോൺ തന്നെ വേണ്ടെന്നു വയ്ക്കണമെന്നായിരുന്നു നേരത്തെ കേസിൽ കക്ഷി ചേർന്ന കിഫ സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടത്. ഉത്തരവിൽ ഭേദഗതി കൊണ്ടു വന്നില്ലെങ്കിൽ മംഗള വനത്തോട് ചേർന്നുള്ള കേരള ഹൈക്കോടതി തന്നെ പ്രതിസന്ധിയിലാകുമെന്നു മറ്റൊരു സംഘടനയും സുപ്രീംകോടതിയിൽ വാദിച്ചു.

ബഫർസോണിൽ സമ്പൂർണ നിയന്ത്രണം ഏർപ്പെടുത്തിയ ഉത്തരവ് സുപ്രീം കോടതി ഭേദഗതി ചെയ്തത് സ്വാഗതാർഹമാണെന്നു മന്ത്രി റോഷി അഗസ്റ്റിൻ.

മലയോര മേഖലയിലെ ജനങ്ങളെ ഏറെ ദോഷകരമായി ബാധിച്ചിരുന്ന നിയന്ത്രണങ്ങളിൽ സുപ്രീം കോടതി വ്യക്തത വരുത്തിയതോടെ ഇതുസംബന്ധിച്ചുള്ള ആശങ്കകൾക്ക് വിരാമമായി.

കുടിയിറങ്ങേണ്ടി വരുമെന്നു പ്രചരിപ്പിക്കുന്നത് അനാവശ്യ ഭീതി പടർത്താൻ വേണ്ടിയാണെന്ന് അന്നേ ചൂണ്ടിക്കാട്ടിയിരുന്നു. കോടതി വിധിയോടെ ഇക്കാര്യം വ്യക്തമായി. വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെയും, കേരള കോൺഗ്രസി (എം) ന്റെയും ഇടപെടലിന്റെ കൂടി വിജയം കൂടിയാണ്.

ഉപഗ്രഹ സർവേക്കു പുറമേ ഗ്രൗണ്ട് സർവേ കൂടി വേണമെന്നു കേരള കോൺഗ്രസ് (എം) പാർലമെന്ററി പാർട്ടി മുഖ്യമന്ത്രിയെ കണ്ടു നിവേദനം നൽകിയിരുന്നു. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ നൽകിയ റിപ്പോർട്ട് കേരളത്തിന്റെ വാദങ്ങൾക്കു ബലം പകർന്നു.

# കാനകളും തോടുകളും രണ്ടാഴ്ചയ്ക്കകം ശുചീകരിക്കണം: മന്ത്രി പി. രാജീവ്

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാനകളും തോടുകളും അടുത്ത രണ്ടാഴ്ചയ്ക്കുള്ളിൽ ശുചീകരിക്കണമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് നിർദേശിച്ചു. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മന്ത്രി പി. രാജീവ്, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത ഓൺലൈൻ യോഗത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജലസേചന വകുപ്പിന്റെയും നേതൃത്വത്തിൽ ഓപ്പറേഷൻ വാഹിനി 2023 ന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണം.ഓപ്പറേഷൻ ബ്രേക്ക് ത്രൂവിന്റെയും സ്മാർട്ട് സിറ്റി മിഷന്റെയും ഭാഗമായി രണ്ട് പുതിയ മെഷിനറികൾ വാങ്ങാൻ തീരുമാന മായിട്ടുണ്ട്. സർക്കാർ വകുപ്പുകൾ മഴക്കാലപൂർവ്വ മുന്നൊരുക്കങ്ങൾ എത്രയും വേഗം സ്വീകരിക്കണമെന്നും ക്യാമ്പുകൾ സജ്ജീകരിക്കാൻ നേരത്തെതന്നെ സ്ഥലം കണ്ടെത്തണമെന്നും മന്ത്രി പറഞ്ഞു.കായലുകളുടെ തടസങ്ങൾ ഒഴിവാക്കി ഒഴുക്ക് സുഗമമാക്കണം. മഴ വെള്ളം ഒഴുകിപോകാനുള്ള സാധ്യത പരമാവധി ഒരുക്കി നൽകണമെന്നും പൊതുമരാമത്ത് വകുപ്പ്, കോർപ്പറേഷൻ, കൊച്ചിൻ സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡ്, കെ.എം.ആർ.എൽ എന്നിവർ സംയുക്തമായി കാനകളിൽ പരിശോധന നടത്തണമെന്നും മന്ത്രി പറഞ്ഞു.സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഓറഞ്ച് ബുക്ക് ഉടൻതന്നെ പ്രസിദ്ധീകരിക്കും. അതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലാ ഉദ്യോഗസ്ഥർക്കും കളക്ടറുടെ നേതൃത്വത്തിൽ പരിശീലനം നൽകും. താലൂക്ക് തലത്തിൽ മോക് ഡ്രിൽ സംഘടിപ്പിക്കും. ചെറിയ ഒഴുക്കുള്ള കാനകളിൽ തടസങ്ങൾ നീക്കം ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മഴക്കാലപുർവ്വ ശുദ്ധീകരണ പ്രവർത്തനങ്ങൾ കൂടിയാലോചിച്ചു തീരുമാനിക്കണമെന്നും യോഗത്തിൽ കളക്ടർ പറഞ്ഞു. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ ഉഷ ബിന്ദുമോൾ, മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ യാശോദ ദേവി, മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എ ആനി റോസാരിയോ, ശുചിത്വമിഷൻ ജില്ലാ കോ  ഓഡിനേറ്റർ കെ. കെ. മനോജ്, നവകേരളം  2 ജില്ലാ കോഓഡിനേറ്റർ എസ്. രഞ്ജിനി തുടങ്ങിയവർ  പങ്കെടുത്തു.



# 25 വർഷത്തിനു ശേഷം കൃഷി ഇറക്കി ; പറമ്പുശ്ശേരി  മള്ളുശ്ശേരി പാടത്ത് കൊയ്ത്തുത്സവം

**കൊച്ചി:** നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ  25 വർഷമായി തരിശായി കിടന്ന പറമ്പുശ്ശേരി മള്ളുശ്ശേരി പാടത്ത് നെൽ കൃഷി വിളവെടുപ്പ് ആരംഭിച്ചു.കൊയ്ത്തു ഉത്സവം അൻവർ സാദത്ത് എം.എൽ.എ ഉദ്ഘാടനം ചെയ്തു.പാടശേഖര സമിതിയുടെയും പഞ്ചായത്തിന്റെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടെ കുട്ടനാടൻ കർഷകരുടെ നേതൃത്വത്തിലാണ് ഇവിടെ കൃഷി ആരംഭിച്ചത്. കുട്ടനാട്ടിൽ നിന്നുള്ള കർഷക സംഘത്തിന്റെ നേതൃത്വത്തിൽ പാട്ടത്തിന് എടുത്ത ഭൂമിയിൽ കഴിഞ്ഞ ഡിസംബറിൽ ആണ് കൃഷി ആരംഭിച്ചത്. 35 ഏക്കർ സ്ഥലത്തായിരുന്നു കൃഷി . യന്ത്രത്തിന്റെ സഹായത്തോടെ നടക്കുന്ന കൊയ്ത്ത് ഒരാഴ്ച കൊണ്ട് പൂർത്തിയായി നെല്ല് സപ്ലൈകോക്ക് കൈമാറും.ചടങ്ങിൽ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വി പ്രദീഷ്, നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.വി കുഞ്ഞ്, ജില്ലാ പഞ്ചായത്ത് അംഗം ഷൈനി ജോർജ്, ബ്ലോക്ക് പഞ്ചായത്ത് അംഗം താര സജീവ്, വാർഡ് അംഗം സി. ഒ മാർട്ടിൻ, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ജെസ്സി ജോർജ്, ബിജി സുരേഷ്, പഞ്ചായത്ത് സെക്രട്ടറി പി.വി ജെസ്സി , കൃഷി ഓഫീസർ എം.എ ഷീബ, കുട്ടനാടൻ കർഷക പ്രതിനിധി ടിറ്റോ ജോർജ്, പാടശേഖരസമിതി പ്രസിഡന്റ് സൈമൺ മഞ്ഞളി തുടങ്ങിയവർ പങ്കെടുത്തു.



# തദ്ദേശസ്വയംഭരണ, സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ പ്രവർത്തനം സമൂഹ വികസത്തിന് അനിവാര്യം : പ്രൊഫ. വി. കെ. രാമചന്ദ്രൻ

**കൊച്ചി:** സമൂഹത്തിന്റെ സമസ്ത മേഖലകളിലും വികസനം  സാധ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ പ്രസ്ഥാനങ്ങളുടെയും കൂട്ടായ പ്രവർത്തനങ്ങൾക്ക് കഴിയുമെന്ന് കേരള ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി. കെ. രാമചന്ദ്രൻ പറഞ്ഞു. സഹകരണ  തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ പ്രാദേശിക സാമ്പത്തിക വികസനത്തിന് എന്ന വിഷയത്തിൽ സഹകരണ എക്സ്പോ വേദിയിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തദ്ദേശ സ്വയംഭരണ സഹകരണ സ്ഥാപനങ്ങളുടെ സംയോജിത പ്രവർത്തനങ്ങളിലൂടെ ഒട്ടനവധി വികസന പദ്ധതികൾ നടപ്പിലാക്കാനാകുമെന്നും അതുവഴി  കേരളം വളരുമെന്നും അദ്ദേഹം പറഞ്ഞു.കില ഡയറക്ടർ ഡോ. ജോയ് ഇളമൺ പ്രബന്ധം അവതരിപ്പിച്ചു. വികസന പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, മേൽനോട്ടം തുടങ്ങിയ എല്ലാ തലങ്ങളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കൊപ്പം സഹകരണ സ്ഥാപനങ്ങളും പ്രവർത്തിച്ചാലെ സുസ്ഥിര വികസനം സാധ്യമാകൂ. സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ടുള്ള ഓരോ പദ്ധതികളും സംയുക്ത അടിസ്ഥാനത്തിൽ തയ്യാറാക്കണം. വരുമാനം  വർദ്ധിപ്പിക്കാനായി സഹകരണ മേഖലയെ കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയണം. സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർക്ക് കൂടി മെച്ചപ്പെട്ട ജീവിത നിലവാരം പ്രാപ്തമാകുമ്പോഴേ യഥാർത്ഥ വികസനം സാധ്യമാകൂ എന്നും അതിനുള്ള സാഹചര്യം ഒരുക്കാൻ സഹകരണ സംഘങ്ങൾക്കാവുമെന്നും അദ്ദേഹം പറഞ്ഞു.സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ നിശ്ചിത വിഹിതം  സഹകരണ സംഘങ്ങളുമായി ചേർന്നുള്ള സംയുക്ത വികസന പദ്ധതികൾക്കായി ഉപയോഗിക്കുന്നത്  സാമ്പത്തിക വികസനത്തിനു അനിവാര്യമെണെന്ന് അധ്യക്ഷ പ്രസംഗത്തിൽ വി. കെ. പ്രശാന്ത് എം. എൽ. എ.പറഞ്ഞു. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഓമല്ലൂർ ശങ്കരൻ, പീപ്പിൾസ് പ്ലാൻ സെൽ എസ്.ആർ.ജി. എസ്. ജമാൽ, എം. വി. ആർ. കാൻസർ സെന്റർ ചെയർമാൻ സി. എൻ. വിജയകൃഷ്ണൻ, ദിനേശ് ഫുഡ്സ് ചെയർമാൻ ദിനേശ് ബാബു,   അഡിഷണൽ രജിസ്ട്രാർ സി ആർ ജ്യോതിപ്രസാദ് , ഇടുക്കി ജോയിന്റ് രജിസ്ട്രാർ  ജോസ്സാൽ ഫ്രാൻസിസ്



## അപകട ഇൻഷുറൻസ് പദ്ധതി

**കൊച്ചി:** മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും നടപ്പിലാക്കി വരുന്ന മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതി 202324 സാമ്പത്തിക വർഷത്തേക്കുള്ള ഒറ്റത്തവണ പ്രീമിയം അടക്കുവാനുള്ള സമയമായിരിക്കുന്നു.510 രൂപയാണ് പ്രീമിയം തുക മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള 18 നും 70  നും ഇടയ്ക്കു 18 പ്രായമുള്ള മത്സ്യത്തൊഴിലാളികൾക്കും സ്വയം സഹായ ഗ്രൂപ്പുകളിലെ അംഗങ്ങൾക്കും സംഘം ജീവനക്കാർക്കും സംഘം ഭരണ സമിതി അംഗങ്ങൾക്കും പദ്ധതിയിൽ ചേരാവുന്നതാണ്. ദി ന്യൂ ഇന്ത്യ അഷുറൻസ് കമ്പനിയുമായി സഹകരിച്ച് നടത്തുന്ന പദ്ധതിയിൽ ഏപ്രിൽ 28 ന് വൈകിട്ട് മൂന്നു വരെ ചേരാമെന്ന് മത്സ്യഫെഡ് മാനേജിങ് ഡയറക്ടർ അറിയിച്ചു. ഈ പദ്ധതിയിൽ അംഗങ്ങളായി ചേരുന്നവർക്ക് സംഭവിച്ചാൽ ലഭിക്കുന്നതാണ്. ആശ്രിതർക്ക് 10 ലക്ഷം രൂപ അപകട  മരണം ധനസഹായം. കൂടുതൽ വിവരങ്ങൾക്ക് 0484 2222511, 9526041108, 9526041055 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## അപേക്ഷ ക്ഷണിച്ചു

കൊച്ചി: സ്ത്രീ ശാക്തീകരണത്തിൻറെ ഭാഗമായി കളമശേരി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ സൗജന്യ ഹ്രസ്വകാല ഹോട്ടൽ മാനേജ്മെൻറ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കുക്കറി, ബേക്കറി ആൻറ് കൺഫെക്ഷണറി, കാനിംഗ് ആൻറ് ഫുഡ് പ്രിസർവേഷൻ, ഫുഡ് ആൻറ് ബീവറേജ് സർവ്വീസ്, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഹൗസ് കീപ്പിംഗ് തുടങ്ങിയ കോഴ്സുകളിലാണ് പരിശീലനം. സ്ത്രീകൾക്ക് മാത്രമുള്ള ഈ കോഴ്സുകളിൽ  പരിശീലനം ലഭിക്കുന്നതിന് കുറഞ്ഞത് പത്താം ക്ലാസ് ജയിച്ചിരിക്കണം. കൂടാതെ 18 വയസ് തികഞ്ഞവരുമായിരിക്കണം. അപേക്ഷ ഫോറം ഇൻസ്റ്റിറ്റ്യൂട്ട് വഴി നേരിട്ട് ലഭിക്കണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് അഞ്ച് വൈകിട്ട് അഞ്ചു വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842558385.

## താത്കാലിക നിയമനം

കൊച്ചി: എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത പ്ലസ് ടു സയൻസ്, അംഗീകൃത ഡിഎംഎൽടി, പാരാ മെഡിക്കൽ കൗൺസിൽ അംഗീകാരം.  പ്രായം 2022 ജനുവരി ഒന്നിന് 1836 താൽപ്പര്യമുള്ളവർ യോഗ്യത, വയസ്സ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും, പകർപ്പും സഹിതം മെയ് രിന് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിലെ സി.സി.എം. ഹാളിൽ ഉച്ചയ്ക്ക് 12.30 ന് നടക്കുന്ന എഴുത്തു പരീക്ഷയിലും ഇൻറർ!വ്യൂവിലും പങ്കെടുക്കാം. രജിസ്ട്രേഷൻ അന്നേ ദിവസം രാവിലെ 11.30 മുതൽ 12.30 വരെ മാത്രമായിരിക്കും.

# ലുലു ഫാഷൻ വീക്കിന്റെ ആറാം പതിപ്പിന് കൊച്ചി ലുലു മാളിൽ തുടക്കം



**കൊച്ചി:** അഞ്ച് ദിനങ്ങളിലായി അരങ്ങേറുന്ന ഫാഷന്റെ ആഘോഷത്തിന് കൊച്ചി ലുലു മാളിൽ തുടക്കമായി.ഈ വർഷത്തെ ഏറ്റവും വലിയ ഫാഷൻ ഇവൻറായ ലുലു ഫാഷൻ വീക്ക് മിസിസ് വേൾഡ് സർഗം കൗശൽ റാമ്പ് വാക്ക് നടത്തിയാണ് തുടക്കം കുറിച്ചത്.തുടർന്ന് ലിവൈസ്, സ്പൈക്കർ, ഐഡന്റിറ്റി, വി ഐ പി, ജോക്കി , അമേരിക്കൻ ടൂറിസ്റ്റർ എന്നീ ബ്രാൻഡുകൾക്കു വേണ്ടി പ്രമുഖ മോഡലുകൾ അഞ്ച് ഷോകളിലായി റാമ്പിൽ ചുവടുവച്ചു. ഫ് ളൈയിംഗ് മെഷീനുമായി സഹകരിച്ച് ലിവൈസ് അവതരിപ്പിക്കുന്ന ഫാഷൻ വീക്കിൽ 58 പ്രമുഖ ബ്രാൻഡുകളുടെ ഏറ്റവും ആകർഷകമായ സ്പ്രിംഗ്/സമ്മർ കളക്ഷനുകൾ പ്രദർശിപ്പിച്ചുകൊണ്ട് നൂറിലധികം ഫാഷൻ ഷോകളാണ് അരങ്ങേറുക. രണ്ട് പതിറ്റാണ്ടിലധികമായി ഫാഷൻ രംഗത്തുള്ള മുംബൈയിലെ പ്രമുഖ കൊറിയോഗ്രാഫർ ഷാക്കിർ ഷെയ്ഖാണ് ഷോകൾക്ക് നേതൃത്വം നൽകുന്നത്.ഫാഷൻ, എന്റർടെയ്ൻമെന്റ്, റീട്ടെയ്ൽ വ്യവസായം അടക്കമുള്ള മേഖലകളിൽ നിന്നുള്ള പ്രമുഖർ പങ്കെടുത്തു. ഇതേ മേഖലകളിലെ അസാധാരണമായ സംഭാവനകൾ മുൻനിർത്തി ഫാഷൻ ടൈറ്റിലുകളും, ഈ വർഷത്തെ മികച്ച വസ്ത്രബ്രാൻഡുകൾക്ക് എക്സ്ക്ലൂസീവ് ഫാഷൻ അവാർഡുകളും ഫാഷൻ വീക്കിൽ സമ്മാനിയ്ക്കും.ഉദ്ഘാടന ചടങ്ങിൽ ലുലു ഇന്ത്യ ബയിംഗ് ഹെഡ് ദാസ് ദാമോദരൻ, ലുലു മാൾ ജനറൽ മാനേജർ ഹരി സുഹാസ്, മാരിയറ്റ് ജനറൽ മാനേജർ ശുഭാംഗർ ബോസ്, ലുലു ഹൈപ്പർമാർക്കറ്റ് ഡി ജി എം ജോ പൈനേടത്ത് എന്നിവരും സംബന്ധിച്ചു.

# കെബിഎഫ്സി യങ് ബ്ലാസ്റ്റേഴ്സ്– സ്പോർട്ഹുഡ് അക്കാദമി: ട്രയൽസ് സംഘടിപ്പിക്കുന്നു



**കൊച്ചി:** കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ യങ് ബ്ലാസ്റ്റേഴ്സ് സ്പോർട്ഹുഡ് അക്കാദമിയുടെ (വൈബിഎസ്എ) 202324 ബാച്ചിലേക്കുള്ള അഡ്മിഷൻ നടപടികൾ ആരംഭിക്കുന്നു. അഞ്ചിനും പതിനേഴിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് ഇതിനായുള്ള സ്കോളർഷിപ്പ് ട്രയൽസിൽ പങ്കെടുക്കാം. ഏപ്രിൽ 28, 29, 30 ദിവസങ്ങളിലായി സംസ്ഥാനത്ത് വൈബിഎസ്എയുടെ അറുപത് കേന്ദ്രങ്ങളിലാണ് ട്രയൽസ് നടക്കുന്നത്. ട്രയൽസിലൂടെ  കേരളത്തിലെ കുരുന്നു പ്രതിഭകളെ കണ്ടെത്തി അവർക്ക് ലോകോത്തര നിലവാരമുള്ള സൗകര്യത്തോടുകൂടി പരിശീലനം നൽകുക എന്നതാണ് വൈബിഎസ്എ ലക്ഷ്യമിടുന്നത്. ട്രയൽസിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അക്കാദമിക് ഫീസിന്റെ 50 ശതമാനം സ്കോളർഷിപ്പായി ലഭിക്കും. ഫുട്ബോൾ സ്വപ്നം കണ്ട് കഴിയുന്ന കുട്ടികൾക്ക് അവരുടെ കുതിപ്പിന് മഹത്തായ സേവനം വൈബിഎസ്എ ഉറപ്പു നൽകുന്നു. വിജയകരമായ മൂന്നാം വർഷത്തിലേക്കാണ് അക്കാദമി കടക്കുന്നത്. അടിസ്ഥാന വികസനത്തിന്റെ ഭാഗമായി 14 ജില്ലകളിലായി 80 കേന്ദ്രങ്ങളാണുള്ളത്. ഇതുവരെ 18 വയസിൽ താഴെയുള്ള 9,000 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകികഴിഞ്ഞു. ഈ വർഷം കേരളത്തിലെ സ്കൂളുകളുമായി ചേർന്ന് അത് വിപുലികരിക്കാനും കെബിഎഫ്സി യങ് ബ്ലാസ്റ്റേഴ്സ് സ്പോർട്ഹുഡ് അക്കാദമി ലക്ഷ്യമിടുന്നു. രജിസ്റ്റർ ചെയ്യുന്നതിന് ംംം.യഹമേെലൃഃെുീൃെേവീീറ.രീാ എന്ന വെബ്സൈറ്റ് സന്ദർശിക്കുക. വിശദ വിവരങ്ങൾക്ക് 844 844 9224 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

# ടൂറിസം വാഗ്ദാനങ്ങളുമായി ശ്രീലങ്കൻ വിനോദ സഞ്ചാര മേള



**കൊച്ചി:**ശ്രീലങ്കൻ ടൂറിസം ഇന്ത്യയിൽ ത്രീ സിറ്റി റോഡ്ഷോ പരമ്പരയുടെ ഭാഗമായി സംഘടിപ്പിച്ച ടൂറിസം മേള കൊച്ചി ലെ  മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടന്നു. ശ്രീലങ്കൻ ടൂറിസം മന്ത്രി ഹരിൻ ഫെർണാണ്ടോ മേളയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ക്രിക്കറ്റ് ഇതിഹാസം സനത് ജയസൂര്യ മുഖ്യാതിഥിയായി.ഇന്ത്യയുമായുള്ള സാംസ്കാരിക, വിനോദ സഞ്ചാര, ഉഭയകക്ഷി ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ്  ശ്രീലങ്കൻ ടൂറിസം ഇന്ത്യയുടെ പ്രധാന നാഗരങ്ങളിൽ  റോഡ് ഷോ സംഘടിപ്പിക്കുന്നതെന്ന്  ഹരിൻ ഫെർണാണ്ടോ  പറഞ്ഞു. ജനുവരി മുതൽ മാർച്ച് വരെയുള്ള അവസാന മൂന്ന് മാസങ്ങളിൽ മാത്രം പ്രതിദിനം 8000 വിനോദസഞ്ചാരികൾ ശ്രീലങ്കയിൽ എത്തിയത് വഴി ഏകദേശം 530 മില്യൺ യുഎസ് ഡോളർ വരുമാനമുണ്ടായി. 2018 ന് ശേഷമുള്ള ഏറ്റവും ഉയർന്ന കണക്കാണിത്. ഇന്ത്യ യിൽ നിന്ന്  ശ്രീലങ്കയിലേക്കുള്ള വിനോദസഞ്ചാരികൾ  2023ഓടെ  ഇരട്ടിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.  ശ്രീലങ്കയെ കുറിച്ചും അതിന്റെ പ്രകൃതി ഭംഗി, സാംസ്കാരിക  വൈവിധ്യം, ആകർഷണങ്ങൾ, യാത്രാ അവസരങ്ങൾ എന്നിവയെകുറിച്ച് കൃത്യമായ ധാരണ  സൃഷ്ടിക്കുകയാണ്  റോഡ്ഷോകളുടെ ലക്ഷ്യമെന്ന്  അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ഔട്ട്ബൗണ്ട് മാർക്കറ്റിനെ ശ്രീലങ്ക ഏറെ  വിലമതിക്കുന്നു, ശ്രീലങ്കയുടെ  2500 വർഷത്തെ സമ്പന്നമായ സാംസ്കാരിക പൈതൃകം കൂടാതെ വിനോദ സഞ്ചാര സ്ഥലങ്ങൾ, തീർത്ഥാടന യാത്രക്കായി രാമായണ സർക്യൂട്ട്,ബീച്ചുകൾ ഷോപ്പിംഗ്, പാചകം  ഭക്ഷണം , സാഹസികത, വന്യജീവികൾ, ശ്രീലങ്കൻ ഉല്പന്നങ്ങൾ എന്നിവയുടെ വിസ്മയകരമായ നിര തന്നെ സഞ്ചാരികൾക്കായി ഒരുക്കിയിട്ടുണ്ട്. ശ്രീലങ്കൻ ട്രാവൽട്രേഡ് പങ്കാളികളുമായി ബന്ധപ്പെടാൻ ഹോട്ടലുകളെയും റിസോർട്ടുകളെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്പനികളെയും ഇവന്റ് മാനേജ്മെന്റ് കമ്പനികളെയും പ്രതിനിധി സംഘമാണ് ഇവിടെ എത്തിയിട്ടുള്ളതെന്ന്  ശ്രീലങ്കൻ ടൂറിസം പ്രൊമോഷൻ ബ്യൂറോ ചെയർമാൻ ചാലക ഗജബാഹു  പറഞ്ഞു. മീറ്റിംഗുകൾക്കും കോൺഫറൻസുകൾക്കും  വേണ്ടിയുള്ള സുപ്രധാന  മൈസ് ടൂറിസം കേന്ദ്രമാണ് ശ്രീലങ്കയെന്ന് കൺവെൻഷൻ ബ്യൂറോ ചെയർമാൻ തിസും ജയസൂര്യ പറഞ്ഞു.  മികച്ച കണക്റ്റിവിറ്റിയും, ചെലവ് കുറവും ആകർഷകമായ സ്ഥലങ്ങളും  ശ്രീലങ്കയുടെ ആകർഷണം വർദ്ധിപ്പിക്കുന്നു.ശ്രീലങ്ക ടൂറിസം പ്രൊമോഷൻ ബ്യൂറോ ചെയർമാൻ ചാലക ഗജബാഹു, ശ്രീലങ്ക കൺവെൻഷൻ ചെയർമാൻ തിസും ജയസൂര്യ, എന്നിവർ ചടങ്ങിൽ സംസാരിച്ചു. 30 ശ്രീലങ്കൻ ട്രാവൽ ഏജൻസികളുടെയും ഹോട്ടലുകളുമുൾപ്പെട്ട  പ്രതിനിധി സംഘമാണ് മേളയിൽ പങ്കെടുക്കാൻ എത്തിയത്. രാജ്യത്തെ വിവിധ ഭാഗങ്ങളിൽ നിന്നായി വ്യാപാര വ്യവസായ പ്രമുഖരും, ട്രേഡ് അസോസിയേഷനുകളും, ടൂർ ഓപ്പറേറ്റർമാരും, കോർപ്പറേറ്റുകളും  ബി.ടു. ബി സെഷനുകളിൽ  സംബന്ധിച്ചു. ബിസിനസ്സ് പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനായി ഈവിനിങ്ങ് നെറ്റ് വർക്കിങ് ഇവന്റും നടന്നു. ശ്രീലങ്കയുടെ സമ്പന്നമായ  കലാ പൈതൃകം പ്രദർശിപ്പിക്കുന്ന ശ്രീലങ്കൻ നൃത്ത പരിപാടികൾ ഷോയുടെ മുഖ്യാകർഷണമായി.  ശ്രീലങ്കൻ എയർലൈൻസ് ഇൻഡിഗോയും ഉൾപ്പെടെ നിരവധി ടൂറിസം വ്യവസായ പങ്കാളികളുടെ പിന്തുണയോടെയാണ് മേള നടന്നത്. ഏപ്രിൽ 24 ന്  ചെന്നയിലായിരുന്നു ആദ്യ റോഡ് ഷോ.  കൊച്ചിക്ക് ശേഷം ഏപ്രിൽ 28 ന് ബാംഗ്ലൂരിൽ റോഡ് ഷോ നടക്കുമെന്ന് സംഘാടകർ അറിയിച്ചു.

# കമ്മ്യൂണിറ്റി സ്കിൽ പാർക്കും അസാപ് കേരള ഭരണ മന്ദിരവും ഉദ്ഘാടനം ചെയ്തു



**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ നൈപുണ്യ വികസന സംരംഭമായ അസാപ് കേരളയുടെ നേതൃത്വത്തിലുള്ള പുതിയ കമ്യൂണിറ്റി സ്കിൽ പാർക്ക് കഴക്കൂട്ടത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. അസാപിന്റെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിങിന്റെ ഉദ്ഘാടനവും ഇതോടൊപ്പം നടന്നു.നൈപുണ്യ വികസനത്തിലൂടെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിൽ കേരളം രാജ്യത്ത് മൂന്നാം സ്ഥാനത്താണെന്നും സ്കിൽ ഇന്ത്യ റിപോർട്ടിൽ അസാപ് കേരളയുടെ നേട്ടത്തെ പ്രത്യേകം പരാമർശിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. 133 നൈപുണി വികസന കോഴ്സുകളാണ് അസാപ് നൽകുന്നത്. നൈപുണ്യ വികസനത്തിലൂടെ കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമാക്കി മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.യുവജനങ്ങളെ തൊഴിൽ സജ്ജരാക്കുന്നതിനുള്ള വിവിധ നൈപുണ്യ പരിശീലനങ്ങളാണ് കമ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴി അസാപ് കേരള നൽകി വരുന്നത്. ഇത്തരത്തിലുള്ള 15ാമത് സ്കിൽ പാർക്കാണ് കഴക്കൂട്ടത്ത് പ്രവർത്തനം ആരംഭിച്ചത്. എആർ/വിആർ ലാബും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധയിടങ്ങളിലായി കൂടുതൽ സ്കിൽ പാർക്കുകൾ സ്ഥാപിക്കാൻ അസാപ് കേരളയ്ക്ക് പദ്ധതിയുണ്ട്. വ്യവസായ സ്ഥാപനങ്ങളുമായും തൊഴിൽദാതാക്കളുമായും സഹകരിച്ച് വിവിധ പരിശീലന പരിപാടികൾ ഇവിടങ്ങളിൽ അസാപ് കേരളയുടെ നേതൃത്വത്തിൽ നടന്ന് വരുന്നുണ്ട്.കഴക്കൂട്ടം എംഎൽഎ കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. ശശി തരൂർ എം പി, മേയർ ആര്യ രാജേന്ദ്രൻ, അസാപ് കേരള സിഎംഡി ഡോ. ഉഷ ടൈറ്റസ്, തൊഴിൽനൈപുണ്യ വകുപ്പ് സെക്രട്ടറി അജിത് കുമാർ ഐഎഎസ്, മാജിക് പ്ലാനറ്റ് ഡയറക്ടർ ഗോപിനാഥ് മുതുകാട് , കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, കെഎസ്ഐടിഐഎൽ എംഡി ഡോ. സന്തോഷ് ബാബു തുടങ്ങിയവർ പങ്കെടുത്തു.

# കേരളത്തിലെ ആദ്യ മെഡിക്കൽ റോബോട്ടിക് എക്സ്പോ കോഴിക്കോട് ആസ്റ്റർ മിംസിൽ



**കോഴിക്കോട് :** കേരളത്തിലെ ആദ്യ മെഡിക്കൽ റോബോട്ടിക് എക്സ്പോ കോഴിക്കോട് ആസ്റ്റർ മിംസിൽ മുൻ ആരോഗ്യമന്ത്രി ശൈലജ ടീച്ചർ എം എൽ എ ഉദ്ഘാടനം ചെയ്തു. സാങ്കേതിക വിദ്യകളിലുള്ള മാറ്റങ്ങളാണ് ആധുനിക വൈദ്യശാസ്ത്രത്തിന്റെ വികസനത്തിന്റെ നാഴികക്കല്ല്. മനുഷ്യന്റെ ചെറിയ തലച്ചോറിൽ സംഭവിക്കുന്ന ചിന്തകളിലൂടെ സംഭവിക്കുന്ന വലിയ മാറ്റങ്ങൾ ഇന്നിന്റെ ലോകത്തെ തന്നെ മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്. അതിനുദാഹരണമാണ് റോബോട്ടിക് സർജറിയെന്ന് ശൈലജ ടീച്ചർ പറഞ്ഞു. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും റോബോട്ടിക് സർജറി നടത്തുന്ന റോബോട്ടിനെ നേരിട്ട് കാണുവാനും അതിന്റെ പ്രവർത്തന രീതികൾ മനസ്സിലാക്കുവാനും സാധിക്കുന്ന സംവിധാനങ്ങൾ എക്സ്പോയിൽ ഒരുക്കിയിട്ടുണ്ട്. ഇതിന് പുറമെ നിർമ്മിത ബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്ന മറ്റ് റോബോട്ടുകളും ചെറുകാറുകളും ഉൾപ്പെടെയുള്ളവയും, അവയുടെ പ്രവർത്തന രീതിയും നേരിട്ട് കാണുവാനുള്ള സംവിധാനങ്ങളും എക്സ്പോയുടെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്. 24, 25, 26 തിയ്യതികളിൽ രാവിലെ 10 മുതൽ രാത്രി 8 വരെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സൗജന്യ പ്രവേശനം ലഭ്യമാകും.പരിപാടി ഉദ്ഘാടനം ചെയ്യാനെത്തിയ ശൈലജ ടീച്ചറെ റോബോട്ട് നേരിട്ട് ഹസ്തദാനം നൽകി അഭിവാദ്യം ചെയ്തുകൊണ്ടാണ് വേദിയിലേക്ക് ആനയിച്ചത്. ശൈലജ ടീച്ചറുടെ ഉദ്ഘാടന പ്രസംഗത്തിന് ശേഷം റോബോട്ടിന്റെ പ്രസംഗവും ഉണ്ടായിരുന്നു. റോബോട്ടിക് എക്സപോയ്ക്ക് പുറമെ ഉത്തര കേരളത്തിലെ ആദ്യ 3 ടെസ്ല എം ആർ ഐ യുണിറ്റിന്റെ ഉദ്ഘാടനവും നടന്നു. തോട്ടത്തിൽ രവീന്ദ്രൻ എം എൽ എ ഉദ്ഘാടനം നിർവ്വഹിച്ചു. ആസ്റ്റർ മിംസ് ഇന്ത്യാ വൈസ് പ്രസിഡണ്ട് ശ്രീ. ഫർഹാൻ യാസിൻ മുഖ്യാതിഥിയായിരുന്നു.റോബോട്ടിക് സംവിധാനത്തെ ഡോ. അഭയ് ആനന്ദും ( സീനിയർ കൺസൾട്ടന്റ് യൂറോളജിസ്റ്റ് ആന്റ് റോബോട്ടിക് സർജൻ), 3 ടെസ്ല എം ആർ ഐ യുണിറ്റിനെ ഡോ. കെ. ജി. രാമകൃഷ്ണനും (സീനിയർ കൺസൾട്ടൻസ് ആന്റ് ഹെഡ്, ക്ലിനിക്കൽ ഇമേജിങ് ആന്റ് ഇൻറർ വെൻഷനൽ റേഡിയോളജി) പരിചയപ്പെടുത്തി. ഡോ. അജിത പി എൻ (സീനിയർ കൺസൾട്ടന്റ് ഒ ബി ജി ആന്റ് റോബോട്ടിക് സർജൻ), ഡോ. സലീം വി പി (ഹെഡ് സർജിക്കൽ ഓങ്കോളജി ആന്റ് റോബോട്ടിക് സർജൻ) ഡോ. സുർദാസ് (കൺസൾട്ടന്റ യൂറോളജിസ്റ്റ്), എന്നിവർ പ്രസംഗിച്ചു. സന്ദർശിക്കാൻ ആഗ്രഹിക്കുന്നവർക്ക് 9633934245 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# സെവൻ അപ്പിന്റെ പുതിയ ബ്രാൻഡ് അംബാസിഡറായി അനിരുദ്ധ്



**കൊച്ചി :** സെവൻ അപ്പിന്റെ പുതിയ ബ്രാൻഡ് അംബാസിഡറായി ഗായകനും സംഗീത സംവിധായകനുമായ അനിരുദ്ധ് രവിചന്ദർ.വേനൽക്കാല ക്യാംപയിന്റെ ഭാഗമായി അനിരുദ്ധിന്റെ പുതിയ മ്യൂസിക്ക് വീഡിയോ പുറത്തിറക്കി. വേനൽകാലത്ത് ഉപഭോക്താക്കൾക്ക് നവോന്മേഷം പകരുന്നതാവും പുതിയ ക്യംപയിൻ.പ്രേക്ഷകർക്ക് മികച്ച അനുഭവങ്ങൾ നൽകുന്നതിൽ 7അപ്പ് പ്രതിജ്ഞാബദ്ധമാണെന്നും , അനിരുദ്ധിനെ 7അപ്പിന്റെ ബ്രാൻഡ് അംബാസിഡറായി തിരഞ്ഞെടുത്തതിൽ സന്തോഷമുണ്ടെന്നും പെപ്സികോ ഇന്ത്യയുടെ എനർജി, ഹൈഡ്രേഷൻ ആൻഡ് ഫ്ലേവേഴ്സ് സീനിയർ മാർക്കറ്റിംഗ് ഡയറക്ടർ നസീബ് പുരി പറഞ്ഞു.

# നാരോ ബാൻഡ്ഐഒടി സേവനവുമായി എയർടെൽ




**കൊച്ചി:** നാരോ ബാൻഡ്ഐഒടി ശേഷിയുള്ള സ്മാർട് മീറ്ററുകർ വിന്യസിക്കാൻ ടെലികോം കമ്പനിയായ എയർടെൽ സെക്യൂർ മീറ്റേഴ്സുമായി ധാരണ. ഈ പങ്കാളിത്തത്തിലൂടെ ബിഹാറിലെ 13 ലക്ഷം വീടുകളിൽ നാരോ ബാൻഡ്ഐഒടി സേവനങ്ങളെത്തിക്കും. നിർണായക ഡേറ്റ കൈമാറ്റങ്ങൾ തടസ്സപ്പെടാതെ 2ജിയിലും 4ജിയിലും തത്സമയ കണക്ടിവിറ്റി ലഭിക്കുന്ന ഇന്ത്യയിലെ ആദ്യ നാരോ ബാൻഡ്ഐഒടി സേവനമാണിത്. 3ജിപിപി വികസിപ്പിച്ച, കുറഞ്ഞ വൈദ്യുതിയിൽ കൂടുതൽ ഏരിയ കവർ ചെയ്യുന്ന റേഡിയോ നെറ്റ് വർക്ക് സാങ്കേതിവിദ്യയാണ് നാരോ ബാൻഡ് ഐഒടിയെന്ന് എയർടെൽ ബിസിനസ് ഡയറക്ടറും സിഇഒയുമായ അജയ് ചിത്കാര പറഞ്ഞു.

# പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് രണ്ട് പ്രതിമാസ റീചാർജുകൾ അവതരിപ്പിച്ച 'വി'

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടെലികോം സേവനദാതാവായ വി രാജ്യമെമ്പാടുമുള്ള പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് മൂല്യമേറിയ എൻറർടൈൻമെൻറ് അടങ്ങിയ രണ്ട് പ്രതിമാസ റീചാർജുകൾ അവതരിപ്പിച്ചു. പ്രതിദിനം 100 എസ്എംഎസ്, ഒടിടി നേട്ടങ്ങൾ, 2ജിബി പ്രതിദിന ഡാറ്റ എന്നിവ നൽകുന്നതാണ് ഒരു മാസം കാലാവധിയുള്ള ഈ പദ്ധതികളെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. വിയുടെ 368 രൂപ റീചാർജ് വഴി പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് ടിവിയിലും മൊബൈലിലും സൺ നെക്സ്റ്റ് വഴി മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, മറാത്തി, ബംഗ്ല തുടങ്ങിയ പ്രാദേശിക ഭാഷാ സിനിമകൾ, ടിവി ഷോകൾ, മ്യസിക് വീഡിയോകൾ തുടങ്ങിയവ ലഭ്യമാകും. പ്രതിദിനം 100 എസ്എംഎസ്, 2ജിബി ഡാറ്റ, പരിധിയില്ലാത്ത കോളുകൾ തുടങ്ങിയവയ്ക്ക് പുറമെയാണിത് ലഭിക്കുന്നത്. ടെലികോം, ടെലികോം ഇതര നേട്ടങ്ങളുടെ കാലാവധി 30 ദിവസമാണ്.4000ത്തിലേറെ സിനിമകൾ, 10,000ത്തിലേറെ മണിക്കൂറുകളുടെ വീഡിയോ ഉള്ളടക്കം, 33 ലൈവ് ടിവി ചാനലുകൾ തുടങ്ങിയവയുമായാണ് സൺ നെക്സ്ററിൻറെ ഗോടു ആപ്പ് പ്രാദേശികഭാഷാ വിനോദം ആഗ്രഹിക്കുന്നവർക്ക് പിന്തുണ നൽകുന്നത്. രാങ്കി, ലാത്തിച്ചാർജ്ജ്, ബഗീര, മഹാവീര്യർ, തിരുചിത്രമ്പലം, അമ്പാര, അണ്ണാത്തെ, ബീസ്റ്റ്, ഡോക്ടർ തുടങ്ങിയ ഏറ്റവും പുതിയ ബ്ലോക്ക്ബസ്റ്ററുകൾ മുതൽ എതിർ നീച്ചൽ, സുന്ദരി, പ്രേമസ് രംഗ് യാവേ, വോണ്ടാരി ഗുലാബി, കളിവീട്, കനൽപൂവ്, രാധിക തുടങ്ങിയ ജനപ്രിയ ടിവി ഷോകളും അടക്കം ദക്ഷിണേന്ത്യയിലെ വിപുലമായ ഉള്ളടക്കം തെരഞ്ഞെടുക്കാനുള്ള അവസരമാണ് സൺനെക്സ്റ്റിൽ നിന്നു ലഭിക്കുന്നത്. ഇതിനു പുറമെ 369 രൂപയുടെ റീചാർജിൽ പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് സോണി ലിവിൻറെ വൻ ലൈബ്രറിയും ലൈവ് സ്പോർട്ടിങ് ആക്ഷനുമാണ് മൊബൈലിലൂടെ 30 ദിവസത്തേക്കു ലഭിക്കുന്നത്. 2ജിബി ഡാറ്റ, പരിധിയില്ലാത്ത കോളുകൾ പ്രതിദിനം 100 എസ്എംഎസ് എന്നിവയ്ക്കു പുറമെയാണിത്.ഈ റീചാർജിലൂടെ വി ഉപഭോക്താക്കൾക്ക് സോണി ലിവിൻറെ ജനപ്രിയ ഒറിജിനലുകൾ, സിനിമകൾ, ഷോകൾ, ലൈവ് സ്പോർട്ട്സ് പ്രത്യേകമായ ഉള്ളടക്കങ്ങൾ തുടങ്ങിയവ കാണാം. യുഇഎഫ്എ ചാമ്പ്യൻസ് ലീഗ്, ഡബ്ല്യുഡബ്ല്യുഇ, ബുണ്ടസ്ലിഗ, യുഎഫ്സി തുടങ്ങിയ ജനപ്രിയ സ്പോർട്ട്സ്, സ്കാം 1992, ദി ഹർഷത്ത് മേത്ത സ്റ്റോറി, മഹാറാണി, റോക്കറ്റ് ബോയ്സ്, ഗുല്ലക് പോലുള്ള ഒറിജിനലുകൾ, ഗാർഗി സല്യൂട്ട്, കാണെക്കാനെ, ശാന്തിത് ക്രാന്തി, ജെയിംസ് പോലുള്ള പ്രാദേശിക ഉള്ളടക്കങ്ങൾ, ദ ഗുഡ് ഡോക്ടർ, അക്യൂസ്ഡ്, ലക്കി ഹാങ്ക്, എ ഡിസ്കവറി ഓഫ് വിച്ചസ് തുടങ്ങിയ ഇൻറർനാഷണൽ ഷോകൾ, ഓസ്കാർ നേടിയ ചിത്രങ്ങളായ എവെരിതിങ് എവെരിവെയർ ഓൾ അറ്റ് വൺസ്, ദി വേൽ സോണി ലിവ് ഫീച്ചറുകളുടെ ശേഖരം തുടങ്ങിയവയെല്ലാം ഇതിലൂടെ ആസ്വദിക്കാം.പരിധിയില്ലാത്ത ഡാറ്റാ അനുഭവങ്ങൾ നൽകുന്ന വിയുടെ പുതിയ 368, 369 രൂപ റീചാർജുകൾ 200ജിബി വരെയുള്ള പ്രതിവാര റോൾ ഓവർ, രാത്രി സമയ (രാത്രി 12 മണി മുതൽ രാവിലെ ആറു മണി വരെ) പരിധിയില്ലാത്ത ഡാറ്റ തുടങ്ങിയവയും അധിക ചെലവില്ലാതെ നൽകും.ഈ റീചാർജുകൾ വി എംടിവി ആപ്പിൻറെ വിഐപി സബ്സ്ക്രിപ്ഷനും അധികമായി നൽകും. വി മൂവീസ്, ടിവി ആപ്പ് (വി എംടിവി), വി ആപ്പ് എന്നിവയിലെ ശക്തമായ ഉള്ളടക്കവും ഉപഭോക്താക്കൾക്ക് ലഭിക്കും. വി എംടിവി 450ൽ ഏറെ ടിവി ചാനലുകളും ജനപ്രിയ ന്യൂസ് ചാനലുകളും ഷെമാരൂ, ലയൺസ്ഗേറ്റ്, സീ5, അത്രൻഗി, ഹംഗാമാ പ്ലേ, ഡിസ്കവറി തുടങ്ങിയ പ്രീമിയം ഒടിടികളും ലഭ്യമാക്കുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

# എയർ ആംബുലൻസ് സേവനം :ആസ്റ്റർ ഹോസ്പിറ്റൽസ് ബ്ലൂഡോട്ട് ഗ്രൂപ്പുമായി ധാരണാപത്രം ഒപ്പിട്ടു

**കൊച്ചി:** എയർ ആംബുലൻസ് സേവനം ഉറപ്പാക്കാൻ ആസ്റ്റർ ഹോസ്പിറ്റൽസും ബ്ലൂഡോട്ട് ഗ്രൂപ്പും ധാരണാപത്രം ഒപ്പിട്ടു. അടിയന്തര സാഹചര്യങ്ങളിൽ രോഗികൾക്ക് 24 മണിക്കൂറും എയർ ആംബുലൻസ് സേവനങ്ങൾക്കൊപ്പം ഫ് ളൈറ്റ് സ്ട്രെച്ചറുകൾ, ലോകത്തെവിടേക്കും മെഡിക്കൽ എസ്കോർട്ടുകൾ, ചികിത്സയ്ക്ക് വേണ്ടിയുള്ള വിദേശയാത്ര എന്നിവ സാധ്യമാകുന്നതിനൊപ്പം വിദേശ രാജ്യങ്ങളിലെ ആശുപത്രികളിൽ ചികിത്സാസേവനങ്ങൾ ഉറപ്പാക്കുവാനും അവസരമൊരുക്കുമെന്ന് ആസ്റ്റർ ഇന്ത്യയുടെ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ ഫർഹാൻ യാസിൻ പറഞ്ഞു.മിഡിൽ ഈസ്റ്റിലെയും ദക്ഷിണേഷ്യയിലെയും പ്രമുഖ എയർ ആംബുലൻസ് സേവന ദാതാക്കളാണ് ബ്ലൂഡോട്ട് ഗ്രൂപ്പ്.എയർ ആംബുലൻസുകൾക്കായി പ്രത്യേകം സജ്ജമാക്കിയ മെഡിവാക്ക് എയർക്രാഫ്റ്റുകളും അതീവവൈദഗ്ധ്യമുള്ള ഫ്ളൈറ്റ് മെഡിക്കൽ സ്റ്റാഫുമാണ് ബ്ലൂഡോട്ടിന്റെ പ്രത്യകതകൾ. ജിസിസിയിലും ദക്ഷിണേഷ്യയിലും എയർ ആംബുലൻസ് ലൈസൻസുള്ള രണ്ട് കമ്പനികളിൽ ഒന്നാണ് ബ്ലൂഡോട്ട് ഗ്രൂപ്പ്.സമയം ഒരു വെല്ലുവിളിയായി മാറിയേക്കാവുന്ന അടിയന്തര ഘട്ടങ്ങളിൽ പോലും രോഗികൾക്ക് വിശ്വസ്തതയോടെ ഏറ്റവും മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുന്നതായിരിക്കും ഉദ്യമം. ലോകോത്തര ചികിത്സ എത്ര ദൂരെയാണെങ്കിലും ഉറപ്പാക്കാൻ രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും കഴിയണം. അടിയന്തര ഘട്ടങ്ങളിൽ വിദഗ്ധ ചികിത്സക്കായി വിദേശത്തേക്ക് പോകാൻ എയർ ആംബുലൻസുകൾ അത്യാവശ്യമാണ്. ആധുനിക വൈദ്യശാസ്ത്ര രംഗത്ത് എയർ ആംബുലൻസുകളുടെ സേവനം ഒഴിച്ചുകൂടാനാവാത്തതാണെന്നും ഫർഹാൻ യാസിൻ ഫർഹാൻ യാസിൻ പറഞ്ഞു.ചികിത്സാ ആവശ്യങ്ങൾക്ക് വേണ്ടി വിമാനയാത്ര നടത്തുന്നവരുടെ എണ്ണവും ആഗോളതലത്തിൽ കൂടിവരികയാണ്. കേരളത്തിലെ മെഡിക്കൽ ടൂറിസത്തിന്റെ ഈ സാദ്ധ്യതകൾ കൂടി മുന്നിൽ കണ്ടാണ് ആസ്റ്റർ ഗ്രൂപ്പുമായുള്ള കരാർ എന്ന ബ്ലൂഡോട്ട് ഗ്രൂപ്പ് സിഇഒ നിജിൽ ഇബ്രാഹിംകുട്ടി പറഞ്ഞു.ആസ്റ്റർ ഇന്ത്യയുടെ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിനും ബ്ലൂഡോട്ട് എയർ ആംബുലൻസ് സിഇഒ നിജിൽ ഇബ്രാഹിംകുട്ടിക്കും പുറമെ, ബ്ലൂഡോട്ട് മെഡിക്കൽ അസിസ്റ്റൻസ് ഇന്ത്യൻ പ്രൊജക്റ്റ് ഹെഡ് ജോമോൻ തോമസ്, മെഡിക്കൽ ഡയറക്ടർ ഡോ. മുഹമ്മദ് അഫ്സൽ, ദക്ഷിണ മേഖലാ മാർക്കറ്റിംഗ് അസിസ്റ്റന്റ് മാനേജർ ബേസിൽ ബിൻ നൗഷാദ്, ഇന്ത്യയിലെ സെയിൽസ് ഹെഡ് രാകേഷ് നായർ എന്നിവരും ധാരണാപത്രം ഒപ്പിടുന്ന ചടങ്ങിൽ പങ്കെടുത്തു.



## ബിസിനസ്സ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം

**കൊച്ചി:** പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിൻറെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (ഗകഋഉ), 7 ദിവസത്തെ ബിസിനസ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം (ആൗശിലൈ ഋെമേയഹശവെോലിേ ജൃീഴൃമാ) സംഘടിപ്പിക്കുന്നു . മെയ് ഒമ്പതു മുതൽ 17 വരെ കളമശ്ശേരിയിലുള്ള ഗകഋഉ ക്യാമ്പസ്സിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. നിലവിൽ സംരംഭം തുടങ്ങി അഞ്ച് വർഷത്തിൽ താഴെ പ്രവർത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. ലീഗൽ ആന്റ് സ്റ്റാറ്റ്യൂട്ടറി കംപ്ലയിൻസ് പാക്കേജിംഗ്, ബ്രാൻഡിംഗ്, സ്ട്രാറ്റജിക് മാർക്കറ്റിംഗ്, വർക്കിംഗ് ക്യാപറ്റൽ മാനേജ്മെന്റ്, അഡ്വാൻസ്ഡ് ഡിജിറ്റൽ മാർക്കറ്റിംഗ് ടൈം ആന്റ് സ്ട്രെസ് മാനേജ്മെന്റ്,സ്കീമുകൾ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.4,130 രൂപയാണ് 7 ദിവസത്തെ ഫീസ് (കോഴ്സ് ഫീ ,സർട്ടിഫിക്കേഷൻ, പരിശീലനത്തിന്റെ ഫീസ് ഭക്ഷണം, താമസം, ജിഎസ് ടി ഉൾപ്പടെ). താൽപര്യമുള്ളവർ കീഡിന്റെ വെബ്സൈറ്റ് ആയ ംംം.സശലറ.ശിളീ ൽ ഓൺലൈനായി മെയ് ഒന്നിന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 0484 2532890/2550322/9605542061.

# പൊന്നിയൻ സെൽവൻ 2: പ്രചാരണത്തിൽ പങ്കുചേർന്ന് ബിസ്ലേരി

**കൊച്ചി:** ചോളരാജവംശത്തിന്റെ ഐതിഹാസിക കഥ പറയുന്ന ലൈക്ക പ്രോഡക്ഷൻസ് നിർമ്മിക്കുന്ന മണിരത്നം ചിത്രം പൊന്നിയൻ സെൽവൻ രണ്ടാം ഭാഗത്തിന്റെ പ്രചാരണത്തിൽ പങ്കുചേർന്ന് പ്രമുഖ കുടിവെള്ള ബ്രാൻഡായ ബിസ്ലേരി. ചിത്രത്തിൽ സുപ്രധാന വേഷങ്ങളിലെത്തുന്ന വിക്രം, ഐശ്വര്യ റായ്, തൃഷ, കാർത്തി, ജയം രവി എന്നീ താരങ്ങളുടെ ചിത്രങ്ങൾ പതിപ്പിച്ച ലിമിറ്റഡ് എഡീഷൻ ബോട്ടിലുകൾ ബിസ്ലേരി പുറത്തിറക്കും. ഇതിനായി ചിത്രത്തിന്റെ നിർമാതാക്കളായ ലൈക്ക പ്രൊഡക്ഷൻസുമായി ധാരണയിലെത്തിക്കഴിഞ്ഞു. പൊന്നിയൻ സെൽവൻ ചിത്രത്തിന്റെയും അതിലെ താരങ്ങളുടെയും ആരാധകർക്ക് ശേഖരിച്ചുസൂക്ഷിക്കാനായി അഞ്ച് സീരീസുകളായിട്ടാകും ബോട്ടിലുകൾ പുറത്തിറക്കുക. കേരളം, തമിഴ്നാട്, കർണാടകം, ആന്ധ്ര പ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലാണ് ലിമിറ്റഡ് എഡിഷൻ ബോട്ടിലുകൾ ലഭ്യമാകുന്നത്.എല്ലാ പ്രധാന കടകൾക്കും പുറമെ Bisleri @doorstep ആപ്പിലൂടെയും സ്പെഷ്യൽ എഡിഷൻ ബോട്ടിലുകൾ വാങ്ങാം.ദക്ഷിണേന്ത്യൻ മാർക്കറ്റിലെ ജനങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്താനും ബിസ്!ലേരി ബ്രാൻഡിനെ യുവാക്കൾക്കിടയിൽ പരിചയപ്പെടുത്താനും പൊന്നിയൻ സെൽവൻ ചിത്രവുമായുള്ള സഹകരണം സഹായിക്കുമെന്ന് ബിസ്!ലേരി ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡിന്റെ മാർക്കറ്റിംഗ് ഹെഡ് തുഷാർ മൽഹോത്ര പറഞ്ഞു. ബിസ്!ലേരിയുടെ ലിമിറ്റഡ് എഡിഷൻ ബോട്ടിലുകൾ ആരാധകരെ കൂടുതൽ ആവേശത്തിലാക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ലൈക്ക പ്രൊഡക്ഷൻസിന്റെ സുഭാസ്കരൻ അല്ലിരാജ പറഞ്ഞു.ഇതിന് മുൻപും പൊന്നിയൻ സെൽവൻ 1 ഉൾപ്പടെ ബോക്സ് ഓഫീസിൽ ഹിറ്റായ പല സിനിമകളുടെയും പ്രചാരണത്തിൽ ബിസ്!ലേരി ഭാഗമായിട്ടുണ്ട്.




